# കവിതാമൃതം

൧-ാം ഭാഗം.

---

പ്രസാധകൻ

എം. കെ. നാരായണപിള്ള, ബി. എ.

ബാരിസ്റ്റർ അററ്-ലാ.

---

എസ്സ്. ആർ. ബുക്കുഡിപ്പോ

തിരുവനന്തപുരം.

---

൧൧൦൯.

[illegible]

(+296)
P. M. Mary
Form III
A. 70
ST. MARY'S SCHOOL
PALAI. Kerala.

# കവിതാമൃതം

൧-ാം ഭാഗം.

---

പ്രസാധകൻ
എം. കെ. നാരായണപിള്ള, ബി. ഏ.
ബാരിസ്റ്റർ അററ്-ലാ.

M.K.N

---

എസ്സ്. ആർ. ബുക്കുഡിപ്പൊ
തിരുവനന്തപുരം.

---

ശാരദാ പ്രിൻറിംഗ് വർക്ക്സ്
തിരുവനന്തപുരം.

൧൧൦൩.

ശ്രീ

വിവിധകവിതാഖണ്ഡസമുച്ചയരൂപമായ ഈ ഗ്രന്ഥം, സ്നേഹിതനായ ഗ്രന്ഥകൎത്താവു്, സദയം വായിച്ചു കേൾപ്പിച്ചതു് ഞാൻ കൌതുകസമേതം ആസ്വാദിച്ചു. ഐകരൂപ്യഭംഗമില്ലാതെ ഇപ്രകാരം വൈചിത്ര്യം സമ്പാദിച്ചതിൽ, ഗ്രന്ഥകർത്താവു് പ്രദർശിപ്പിച്ചിട്ടുള്ള സാമൎത്ഥ്യം അഭിനന്ദനീയമാകുന്നു. ശ്രീമാൻ എം. കെ. നാരായണപിള്ള അവർകൾ ബി. ഏ. പരീക്ഷയ്ക്കു പഠിക്കുമ്പോൾ മുതൽ, എനിക്കു് പരിചിതനാണു്. അന്നു തന്നെ ഭാഷാവിഷയമായി അദ്ദേഹത്തിന്റെ പാടവത്തെപ്പററി എനിക്കുണ്ടായിരുന്ന അഭിപ്രായം, ടി പരീക്ഷയിൽ, അദ്ദേഹത്തിനു മലയാളഭാഷയിൽ ഒന്നാംക്ലാസിൽ സിദ്ധിച്ച വിജയം, സ്ഥിരീകരിച്ചു. ഇപ്പോഴും നമ്മുടെ ഭാഷാസാഹിത്യത്തിൽ അദ്ദേഹം വ്യാപരിച്ചുകൊണ്ടിരിക്കുന്നു എന്നു് കാണുന്നതു് സ്വതഃസിദ്ധമായ വാസനയുടെ സൂചനതന്നെയാണു്. ഈ ഗ്രന്ഥം ബഹുധാ ഉപകാരകരമായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ. ഇതിനു ഞാൻ സകല സിദ്ധികളും ആശംസിക്കുന്നു.

*Trivandrum,*
5—2—106

P. K. Narayana Pillai, B. A. & B. L.
*High Court Judge, Travancore.*

1296

# വിഷയവിവരം.


| | | പുറം. |
|---|---|---|
| 1, | സ്തുതി | 1 |
| 2, | ദർശനസൌഭാഗ്യം | 2 |
| 3, | ലക്ഷ്മണോപദേശം | 4 |
| 4, | കുചേലസല്ക്കാരം | 5 |
| 5, | ശകുന്തളാവാക്യം | 7 |
| 6 | വിദുരവാക്യം | 9 |
| 7, | രാവണമദം | 12 |
| 8, | മദമർദ്ദനം | 13 |
| 9, | സാമവാക്യം | 15 |
| 10 | ബാലിവാക്യം | 16 |
| 11 | വ്രജലീല | 18 |
| 12 | താരാട്ട് | 19 |
| 13 | സാരോപദേശം | 21 |
| 14 | ധർമ്മോപദേശം | 23 |
| 15 | വിജയരഹസ്യം | 24 |
| 16 | സമഭാവം | 25 |
| 17 | ഗോപാലകുമാരൻ | 26 |
| 18 | ശിവയോഗിഗീത | 28 |
| 19 | പുണ്യം | 30 |
| 20 | ധർമ്മപുത്രരുടെ രാജ്യഭരണം | 31 |
| 21 | ഭൂതദയ | 32 |
| 22 | ശല്യവാക്യം | 33 |
| 23 | ജീവകാരുണ്യം | 34 |
| 24 | കൃഷ്ണലീല | 35 |
| 25 | ഭക്തവാത്സല്യം | 37 |

| | | |
|---|---|---|
| 26 | സൈരന്ധ്രീമാഗ്ര്യവിലക്ഷണം | 38 |
| 27 | പാർത്ഥിപരീക്ഷ | 39 |
| 28 | രുഗ്മിണീമാധവം | 41 |
| 29 | കേശാദിപാദം | 43 |
| 30 | പിതൃഭക്തി | 44 |
| 31 | ഭീമഭൽസനം | 46 |
| 32 | ദമയന്തീപരിത്യാഗം | 47 |
| 33 | രാവണസൽഗതി | 48 |
| 34 | ദൈവാധീനം | 51 |
| 35 | കോരമ്മം | 53 |

1294

# കവിതാമൃതം

## ൧. സ്തുതി

ഇന്ദിരാതന്നുടെ പുഞ്ചിരിയായൊരു
ചന്ദ്രികാ, മെയ്യിൽ പരക്കയാലെ
പാലാഴിവെള്ളത്തിൽ മുങ്ങിനിന്നീടുന്ന
നീലാഭമായൊരു ശൈലംപോലെ,
മേവിനിന്നീടുന്ന ദൈവതംതന്നെ, ഞാൻ
കയ്‌ വണങ്ങീടുന്നേൻ, കാത്തുകൊൾവാൻ.

*　　　*　　　*

വേദങ്ങളായോരു പാദപന്തന്നുടെ
മീതെനിറഞ്ഞൊരു ചെന്തളിരായ്,
അമ്പിനനിന്പദമന്പൊടുസന്തതം,
കുമ്പിട്ടുകൂപ്പുന്നേൻ തമ്പുരാനെ.

*　　　*　　　*

കേവലനായൊരു നിന്നുടെവൈഭവ
മാവതല്ലേതുമേ വാഴ്ത്തുവാനൊ!

*　　　*　　　*

എള്ളിൽനിറഞ്ഞുള്ളോരെണ്ണയെപ്പോലെ, പോ-
യുള്ളിൽനിറഞ്ഞു ജഗത്തിലെങ്ങും,
സന്തതംനിന്നൊരു നിന്നെയും കാണാതെ,
അന്ധരായ് നില്ലാതൊരാരിപ്പാരിൽ!

തോയങ്ങൾതോറും വിളങ്ങിനിന്നീടുന്ന
തോയജവല്ലഭനെന്നപോലെ,
ജാതങ്ങളായുള്ള ഭൂതങ്ങളുള്ളിലെ
ച്ചേതനനായോനെ, കൈതൊഴുന്നേൻ.

* * *

ആദ്യങ്ങളായുള്ള വാക്യങ്ങൾ കൊണ്ടെങ്ങും
വേദ്യനായുള്ളതു നീതാനല്ലൊ.

* * *

ഓൎക്കുന്നതാകിലിന്നിന്നുടെ വൈഭവ
മാൎഗ്ഗമേ കാണാവതല്ലയേതും.

ചെറുശ്ശേരി ] [കൃഷ്ണഗാഥ

## ൨. ദൎശനസൌകൎയ്യം

൧. വിശപ്പുകൊണ്ടാൎത്തു തളൎന്നുമേവും
ശിശുക്കളേക്കണ്ടു വിഷാദമോടെ,
വിശുദ്ധനാം ഭൂസുരനോടു ചൊന്നാ-
ളശങ്കിതം ഭൂസുരധൎമ്മപത്നി.

* * * *

൨. ഒഴുക്കുചോർകൊണ്ടൊരു വാസരാന്തം
കഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ;
കിഴക്കുദിക്കുമ്പൊഴുതാത്മജന്മാർ
കഴല്ക്കു കെട്ടിക്കരയുന്നു, കാന്ത.

൩. അപേക്ഷയുള്ളോരു ജനത്തിനെല്ലാ
മുപേക്ഷകൂടാതെ കൊടുക്കുമീശൻ,

മനക്കരുന്നിൽ കനിവുള്ള കൃഷ്ണൻ,
നിനക്കുപണ്ടേ സഖിയെന്നുകേൾപ്പൂ.

൪. ഗമിക്കുനീ, ചെന്നിഹകണ്ടുപോന്നാൽ
നമുക്കുവേണ്ടുന്നതു നൽകുമല്ലോ;
രമയ്ക്കുചേതോഹരനായകാന്തൻ,
ക്ഷമിക്കുമോ നമ്മുടെ ദീനഭാവം.

൫. അനന്തരം ബ്രാഹ്മണനേവമൂചേ
ധനംതരും, ദേവനനന്തരൂപൻ;
അനർത്ഥമൂലം ധനമെന്നുകല്പി
ച്ചെനിക്കതിങ്കൽ കൊതിയില്ലബാലേ.

൬. എന്നാകിലും ഞാനിഹചെന്നുപോരാം;
തന്നാകിലോ ഞാനതുകൊണ്ടുപോരാം;
നന്ദാത്മജൻ തന്റെ മുഖാരവിന്ദം
മന്ദസ്മിതാർദ്രം, ബതകണ്ടുപോരാം!

*   *   *   *

൧. കാർകൊണ്ടെഴുന്ന ഘനസഞ്ചിതകാന്തിവെല്ലും
വാർകുന്തളം മിളിതചാരുമയൂരപിഞ്ഛം
ആകുഞ്ചിതാളകമരാളകടാക്ഷമോക്ഷം
വൈകുണ്ഠഗാത്രമിദമെത്രമനോഭിരാമം.

ശ്രീകൃഷ്ണചരിതം മണിപ്രവാളം]   [കുഞ്ചൻനമ്പ്യാർ

ST. MARY'S ... PALAI, Kerala.

# ൩. ലക്ഷ്മണോപദേശം

---

വത്സ സൌമിത്രേ, കുമാര, നീ കേൾക്കണം,
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ,
ദേഹാഭിമാനം നിമിത്തമായുണ്ടായ
മോഹേന, ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും, തവ
ജ്ഞാനമില്ലായ്കെന്നറിക, നീ, ലക്ഷ്മണാ.
ദോഷങ്ങളൊക്കവേ, ദേഹാഭിമാനിനാം
രോഷേണ, വന്നുഭവിക്കുന്നിതോർക്കനീ.
തത്രകാമക്രോധലോഭമോഹാദികൾ,
ശത്രുക്കളാകുന്നതെന്നുമറികനീ.
മുക്തിക്കുവിഘ്നംവരുത്തുവാനെത്രയും
ശക്തിയുള്ളോന്നതിൽ, ക്രോധമറികെടോ.
മാതാ, പിതാ, ഭ്രാതൃ, മിത്ര, സഖികളെ
ക്രോധംനിമിത്തം ഹനിക്കുന്നിതുപുമാൻ.
ക്രോധമൂലം മനസ്താപമുണ്ടായ്‌വരും
ക്രോധമൂലം, നൃണാം സംസാരബന്ധനം,
ക്രോധമല്ലോ നിജകർമ്മക്ഷയകരം,
ക്രോധംപരിത്യജിക്കേണം ബുധജനം.
ക്രോധമല്ലോ, യമനായതു നിർണ്ണയം,
വൈതരണ്യാഖ്യയാകുന്നതു തൃഷ്ണയും,
സന്തോഷമാകുന്നതു നന്ദനംവനം,
സന്തതംശാന്തിയേ, കാമസുരഭികൾ

ചിന്തിച്ചു ശാന്തിയെത്തന്നെ ഭജിക്കനീ
സന്താപമെന്നാലൊരു ജാതിയുംവരാ.

എഴുത്തച്ഛൻ]    [അദ്ധ്യാത്മരാമായണം.

—0—

## ൪. കുചേലസൽക്കാരം

ചൊൽക്കൊണ്ടകുചേലൻ, ഭക്തിപരവശൻ, കുശസ്ഥലീ
പട്ടണംകണ്ടപ്പോഴെ വിശപ്പുംദാഹവും
പെട്ടെന്നകന്നുവെന്നല്ല, ഭക്തികൊണ്ടെന്നിയെ പണി
പ്പെട്ടാലുമൊഴിയാത്തഭവാർത്തിയുംതീർന്നു.
ഭക്തിയായ കാററു കൈക്കണക്കിലേററു പെരുകിയ
ഭാഗ്യ പാരാവാര ഭംഗ പരമ്പരയാ,
ശക്തിയോടുകൂടിവന്നു, മാറിമാറിയെടുത്തിട്ടു,
ശാന്തിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.
ഏഴുരണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴെത്തന്റെ വയസ്യനെ ദൂരത്തുകണ്ടു.
പാരാതെചെന്നെതിരേററു കുചേലനെ, ദീനദയാ-
പാരവശ്യമേവം, മററാരീശ്വരനുണ്ടോ?
കൂറുമൂലം, തൃക്കൈകൊണ്ടു കൈപിടിച്ചുകൊണ്ടുപരി-
കേറികൊണ്ടു, ലക്ഷ്മിതല്പത്തിന്മേലിരുത്തി.
അക്ഷോണീസുരനൊന്നിച്ചിരുന്നരുളീട്ടനന്തരം
അക്ഷീണതരമാം വണ്ണമരുളിച്ചെയ്തു.
ഏത്രനാളുണ്ടു ഞാൻ കാണാഞ്ഞിട്ടുചിത്തേകൊതിക്കുന്നു;
അത്രതന്നെ പോന്നുവന്നതസ്മാകം ഭാഗ്യം.

സാന്ദീപനീഗേഹേ, പണ്ടുസഹസാൽ കഴിഞ്ഞതും, നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും,
സാന്ദ്രസൌഹൃദസംബന്ധം നമ്മിലുണ്ടായതും, സഖേ,
മോദാൽ നമ്മേ അനുഗ്രഹിച്ചതും, തോന്നുന്നോ?

* * * *

നന്മനമുക്കതേയുള്ള, ഗുരുകടാക്ഷം കൂടാതെ,
ജന്മസാഫല്യംവരുമോ, ജനിച്ചാലാകിലും.

* * *

ദന്തിയുമാം, പുഷ്പവുമാമിടയിലെന്തുമാം ഗുരു
ദക്ഷിണ:തന്നിക്കൊത്തപോൽ ചെയ്യണമാരും
ഇത്തരം സല്ക്കാരവാക്യങ്ങളേ കൊണ്ടു സമർപ്പിച്ചോ-
രുത്തമപൂരുഷനോടുണർത്തിപ്പാനേതും
ഉത്തരമില്ലാഞ്ഞിട്ടു, വിചാരിച്ചിരുന്നു കുചേലൻ,
ചിത്തരസംവരുമാറീവണ്ണം വചിച്ചു.
ചെറുപ്പത്തിൽ പരിചയംകൊണ്ടു,തവരൂപത്തേഞാൻ
മനോദർപ്പണത്തിൽ കണ്ടിട്ടവയെപ്പേരും,
അപ്പഴപ്പോഴം കേട്ടു ഭവാനെസ്മരിച്ചിരുന്നു ഞാനു -
മിപ്പോളിവിടേയ്ക്കുവന്നു കാൺകയുംചെയ്തു.
ദിവ്യരത്നപ്രകാശം കൊണ്ടത്ര രാത്രിയില്ലെങ്കിലും
നവ്യമാമരുണോദയമട്ടുത്തുന്നനം
ഭവ്യയതാം ഭക്തിഭവിക്കേണം മമ പോകട്ടേ ഞാൻ
അവ്യാജം മനോജ്ഞമംഘ്രിചേരുവോളവും.

രാമപുരത്തു വാര്യർ]

[കുചേലവൃത്തം വഞ്ചിപ്പാട്ട്

—o—

# ൭. ശകുന്തളാവാക്യം

---

കണ്ടാലും,പിപീലകാജാതികൾ പോലും,പുന-
രണ്ഡങ്ങൾ കളയാതെ സംഭരിക്കുന്നുവല്ലോ:
കോകിലാണ്ഡവും ഭരിച്ചീടുന്നു വാത്സല്യത്താൽ
കാകന്മാരാത്മീയമെന്നോർത്തതു മെത്ര ചിത്രം.

*   *   *

മലയോത്ഭവമായ ചന്ദനത്തിലുമേററ-
മലിയുംത്വഗിന്ദ്രിയം, സുതനേപുൽകുന്നേരം.
സ്നിഗ്ദ്ധമാം വാസോരത്നജലമെന്നിവററിലും
പുത്രദേഹാലിംഗനമെത്രയും സുഖമേറും.
കാലുരണ്ടായുള്ളോരിൽ ശ്രേഷ്ഠൻ ബ്രഹ്മജ്ഞനല്ലോ
നാലുകാലുള്ളവരിൽ ശ്രേഷ്ഠത്വം പശുവിനും,
ഗൌരവമുള്ളവരിൽ ശ്രേഷ്ഠത്വം ഗുരുവിനും,
കാരുണ്യമുള്ളവരിൽ ശ്രേഷ്ഠത്വം മുകുന്ദനും,
സ്പർശനവസ്തുക്കളിൽ ശ്രേഷ്ഠത്വം തനയനും,
സ്പർശനസുഖമനുഭവിക്ക ഭവാനിപ്പോൾ.

*   *   *

സുതന്റെമൂർദ്ധാവിങ്കൽ ഘ്രാണിച്ചുമനുജന്മാർ
പ്രതിനന്ദിച്ചിടുന്നു;നൃപതിശിഖാമണേ.

*   *   *

സുന്ദരീശകുന്തള, പിന്നെയുമുരചെയ്താൾ
മന്നവൻ മുമ്പിൽനിന്നു മന്ദാക്ഷഭാരത്തോടും;

കടുകിന്മണിമാത്രമുള്ളൊരുപരദോഷ-
മുടനേകാണുന്നു നീ, നിന്നുടെ ദോഷംപിന്നെ
കണ്ടാലും ഗജമാത്രം കാണുന്നീലേതുമത്ര
പണ്ഡിതന്മാൎക്കുപോലുമുള്ളൊരു ശീലമത്രേ.
കണ്ണാടികാണ്മോളവും തന്നുടെ മുഖമേററം
നന്നെന്നു നിരൂപിക്കുമെത്രയുംവിരൂപന്മാർ;
മററുള്ള ജനങ്ങൾക്കു കുററങ്ങൾ പറഞ്ഞിടും,
മുററുംതന്നുടെ കുററമൊന്നറികയുമില്ല.
കുററമില്ലാതജനം കുററമുള്ളവരെയും
ചെററുനിന്ദിക്കയില്ല, തമ്മുടെ ഗുണങ്ങളാൽ,
മത്തേഭൻ പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ,
നിത്യവും സ്വച്ഛജലംതന്നിലെ കുളിച്ചാലും.
സജ്ജനനിന്ദകൊണ്ടേ ദുൎജ്ജനം സന്തോഷിപ്പൂ,
സജ്ജനത്തിനു നിന്ദയില്ലദുൎജ്ജനത്തേയും;
സത്യധൎമ്മാദിവെടിഞ്ഞീടിന പുരുഷനെ,
ക്രൂരമാം സൎപ്പത്തേക്കാളേററവും പേടിക്കേണം.
നിൎമ്മലമനസ്സോടുധൎമ്മചാരികളായോർ
തമ്മോടങ്ങെങ്ങു മടുത്തീടുകയില്ല കലി.
ശതയാഗത്തിൽപ്പരം പുത്രനൊന്നല്ലോത്തമം,
ശതപുത്രരിൽപ്പരം സത്യമൊന്നെന്നുകേൾപ്പൂ.
സൎവ്വവേദവുമൊക്കെ നിത്യവും ജപിക്കിലും,
സൎവ്വതീൎത്ഥങ്ങളിലും നിത്യവും കുളിക്കിലും,
സത്യത്തിൻഫലം സഹസ്രാംശമില്ലറിഞ്ഞാലും,
സത്യത്തിൽപരമൊരു ധൎമ്മമില്ലോൎക്കണം നീ.
സഹസ്രമശ്വമേധത്തോടൊരു സത്യംതന്നെ
സഹസ്രപത്രോത്ഭവൻ തൂക്കിപണ്ടെന്നുകേൾപ്പൂ

അന്നേരെത്തുങ്ങിയതു സത്യമെന്നറിഞ്ഞാലും
മന്നവ, സത്യത്തേക്കാരം വലുതല്ലൊന്നുമോർത്താൽ.

[ഭാരതം
കിളിപ്പാട്ട്]

---

# ൩. വിദുരവാക്യം

—०—

അത്യർത്ഥം പ്രശസ്തങ്ങളായവസേവിച്ചീടും,
നിത്യവും നിന്ദിതങ്ങളായവ വർജ്ജിച്ചീടും,

* * *

ക്രോധദർപ്പാദിഹർഷസ്തംഭലജ്ജാദികളാ-
ലേതുമേവിഘ്നം കാര്യസാദ്ധ്യത്തിന്നുണ്ടാകാതെ
സ്വച്ഛമാമാത്മാവോടും, മാന്യമാനിതാകൊണ്ട്
നിശ്ചലനാകുന്നവൻ പണ്ഡിതശ്രേഷ്ഠനല്ലോ.
നഷ്ടമായതുചിന്തിച്ചേതുമേ ദുഃഖിയാതെ,
തുഷ്ടനായപ്രാപ്യമായുള്ളതു കാമിയാതെ,
ആപത്തുവരുങ്കാലമേതുമേ മോഹിയാതെ,
താപത്തെ ത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.
അന്യായകർമ്മം വാചാ മനസാ ചെയ്യാതെക-
ണ്ടന്യേഷാം ഹിതത്തിങ്കലീർഷ്യയുമുണ്ടാകാതെ,
ആര്യകർമ്മണാരഞ്ജിച്ചേറിയസൽകർമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.
അർത്ഥമാകിലും, ബലാലൈശ്വര്യമെന്നാകിലും,
വിദ്യയാകിലും തനിക്കേറിയോന്നുണ്ടായെന്നാൽ,

എത്രയും വിനീതനായസമുന്നദ്ധനായ
വിദ്വാന്നസമനായിട്ടില്ല വിദ്വാന്മാരാരും.
സത്യമായുള്ള വസ്തുതരങ്ങിപോലെ പുന-
രബ്ധിക്കു,മതിമതാംപ്രവരകുരുപതേ.
അർത്ഥത്തിന്നതിക്രമമായിട്ടു രണ്ടുണ്ടല്ലോ
നിത്യന്യായാർജ്ജിതമാം ദ്രവ്യമെന്നിരിക്കിലും.
പ്രതിപത്തിയുമപാത്രത്തിങ്കൽ, പാത്രത്തിങ്ക-
ലതിനെപ്പോലെ പുനരപ്രീതിപ്രദാനവും.
ആറുരണ്ടു ഗുണമുപേക്ഷിക്കരുതാതെ പുംസാ-
മാരും ചൊല്ലുവൻ, സത്യം, ദാനവു, മനാലസ്യം,
അനസൂയയും ക്ഷമാധൃതിയുമിവയെല്ലാം.
നിദ്രയും, തന്ദ്രീ, ഭയം, ക്രോധവു, മാലസ്യവും,
പ്രത്യഹം,ദീർഘസൂത്രത്വത്തെയുംത്യജിക്കണം.
തന്നുടെ സുഖത്തിങ്കൽമോദിച്ചീടരുതേററ-
മന്യദുഃഖത്തിങ്കലുണ്ടാകണം കരുണയും.
ദത്തമായതു ചിന്തിച്ചനുതാപവുമരു-
ത്തുത്തമനെങ്കിലതു ചൊൽകയുമരുതല്ലോ.
ദേശാചാരവും, ജാതിധർമ്മവും, ചെയ്തീടേണ-
മാശുവർജ്ജിച്ചീടേണം ദുർജ്ജനവിവാദവും.
മത്തോന്മത്തന്മാരോടുമുത്തരം പറയരു-
തുത്തമന്മാരെ പുരസ്കരിച്ചുനടക്കേണം.
ഹീനന്മാരോടുംകൂടി സംസർഗ്ഗമരുതൊട്ടും,
ദാനവുംചെയ്തീടേണമാശ്രിതന്മാർക്കുനിത്യം.
കർമ്മങ്ങൾകൊണ്ടും, നോക്കുകൊണ്ടും, ,വാക്കുകൾകൊണ്ടും,
സമ്മാനിച്ചീടുകിലേ രഞ്ജിപ്പൂലോകംതങ്കൽ.,

വൃത്തിഹീനനകുലമപ്രമാണംപോൽ, നല്ല
വൃത്തവാനെങ്കിലന്ത്യജാതനും നന്നുതാനും.
ഉത്തമാശനം മാംസോത്തരമെന്നറിയേണം,
മദ്ധ്യമാശനമല്ലോ, ഗോരസോത്തരംനൂനം,
അധമാശനം, ലവണോത്തരം മൂന്നു-
വിധമായുള്ളൂവിഭോജനം നരപതേ.
മാനസേമദകരമായുള്ള പേയങ്ങളെ
പാനവുംചെയ്തീടുമാറില്ലല്ലോ മഹത്തുക്കൾ.
അർത്ഥാഭിജാത്യവിദ്യാദികളാലുള്ള മദ-
മെത്രയും വിരയപ്പോം, സജ്ജനസംഗത്തിനാൽ
ഗോമതാജിതമശനാഗ്രഹം, ശീലവതാ
ശ്രീമതാസവം ജിതമുർവീശശിഖാമണേ.
ശീലമെത്രയും പ്രധാനം പുരുഷനുനൂനം,
ശീലമില്ലായ്കിൽ മിത്രാർത്ഥങ്ങൾകൊണ്ടെന്തുഫലം?
അടവിമഴുകൊണ്ടുവെട്ടിയാലകച്ചീടും,
കഠിനവാചാവെട്ടിമുറിച്ചാലകച്ചീടാ;
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തിടാം,
ക്രൂരവാക്ശല്യമെടുക്കും ചികിത്സകനില്ല.
ശിഷ്ടനാമവൻതന്നെ ദ്വേഷമുണ്ടെന്നാകിലും
തുഷ്ടനായ്പരിഗ്രഹിച്ചീടുകെന്നതേവരൂ.
ദുഷ്ടനാമവൻതന്നെ സ്നേഹമുണ്ടെന്നാകിലും,
പെട്ടെന്നുപരിത്യജിച്ചീടുകെന്നതേവരൂ.

എഴുത്തച്ഛൻ — ഭാരതം

# ൭. രാവണമദം

നമ്മുടെവിക്രമമല്പമിതല്ലോര-
ഹമ്മതിഞാൻ പറകല്ലമുനീന്ദ്ര.
ത്രിഭുവനവാസികളെല്ലാംനമ്മുടെ
വിബുധതകൊണ്ടു പുകഴ്ത്തുന്നില്ലേ!
സുഭഗൻ, ദശമുഖനെന്നൊരുനാണയ
മഹഹഹാ, ദിശിദിശി കേൾക്കുന്നില്ലേ!
തീർത്തുചെയ്യാമിന്നിഹ നമ്മോടു
നേർത്തുവരുന്നവരൊക്കെമടങ്ങും.
ജംഭാന്തകനുടെ കുംഭിപ്രവരൻ,
കൊമ്പുകൾനാലുമുയർത്തിക്കൊണ്ടഥ,
തുമ്പിക്കരമതിൽ മുസലവുമേന്തി,
ജൃംഭിച്ചാശുവരുന്നേരം ഞാൻ,
മുമ്പിൽചെന്നഥ കൊമ്പുപിടിച്ചു ത-
രിമ്പുവിടാതെ കരിമ്പുകണക്കെ,
കൊമ്പുകൾനാലുമൊരമ്പതുഖണ്ഡി
ച്ചുൻപൊട്ടുകുംഭമിടിച്ചുപിളന്നു;
ഇമ്പമകന്നതികമ്പമിയന്നുട
നമ്പർകുലങ്ങളിൽ മുമ്പനതാകിയ
വമ്പൻ, മണ്ടിനിലമ്പപുരത്തിന-
കമ്പിക്കാനതി സംഭ്രമസരസൻ

* * * *

പട്ടിണിയിട്ടു വരുന്നജനത്തി
ന്നഷ്ടികൊടുക്കാത്തവനീശന്മാർ

കെട്ടിസ്വരൂപിക്കുന്ന സുവർണ്ണം
പട്ടുംപൊന്നും പണവുമിതെല്ലാം
പെട്ടന്നാശു പിടിച്ചുപറിപ്പാ
നൊട്ടും ദൂഷണമില്ലനമുക്ക്.
എന്തിനുപലവിധമുരചെയ്യുന്നു,
പംക്തിവരൻെറ പരാക്രമപുഷ്ടികൾ
ചിന്തിച്ചാലവസാനവുമില്ല,
നിന്തിരുവടിയറിയാത്തതുമല്ല.

* * * *

ഭൂതലവും, സ്വർഗ്ഗം, പാതാളം,
ഭുവനംമൂന്നിലുമിന്നിഹപാർത്താൽ;
രാവണനോടുസമാനപരാക്രമ
നേവനൊരധിപതിയുള്ളു മുനീന്ദ്ര!

കുഞ്ചൻനമ്പ്യാർ] [കാർത്തവീര്യവിജയം തുള്ളൽ.

—o—

## ൮. മദമർദ്ദനം

ഝടുതിദശമുഖനുടയമുടികൾ പിടിപെട്ടട
നങ്ങോട്ടുമിങ്ങോട്ടു മുന്തിയുംതള്ളിയും,
ഝടുതിയുടനടികളും ഇടികളുംകൊണ്ടുടൻ,
ചാകാതെചത്തു തരംകെട്ടു രാവണൻ.
കരചരണമുപചരണമിരുപതുകരങ്ങളും,
ചങ്ങലകൊണ്ടുബന്ധിച്ചുലങ്കേശനെ,

കരചരണചഛചലന രഹിതമിഹ കൊണ്ടുപോ
യ്ക്കാരാഗൃഹംതന്നിലിട്ടുപൂട്ടീടിനാൻ.

* * * *

പത്തുമുഖങ്ങളിൽനിന്നു പുറപ്പെട്ട
മത്യുന്നതമാമുറവിളിഘോഷം,
പത്തുദിഗന്തരമൊക്കെമുഴങ്ങി
പാതാളസ്വർഗ്ഗങ്ങളിലെത്തി.

* * * *

"എന്താണുമുറവിളിയായിതുക്രൂവേ?"
"പങ്ക്തിഗളന്റെ കരച്ചിലുപോലും"
"എന്തൊരുസങ്കടമങ്ങവനിപ്പോഴും?"
"ബന്ധനമാത്തുഭവിച്ചിതുപോലും"
"മററുള്ളവരെക്കെട്ടിയടിച്ചു
പിടിച്ചുപറിച്ചു, വലയ്ക്കുന്നവനേ
കെട്ടിയടിപ്പാനെന്തൊരു ബന്ധം,
നാട്ടിലിദാനീമുണ്ടാവുന്നു?"
"ബലവാനാകിയ കൃതവീര്യജനൊടു
കലഹിപ്പാനായ് ചെന്നൊരുശേഷം,
പാരാതവനും ഇവനേകെട്ടി
ക്കാരാഗൃഹമതിലാക്കിയടച്ചാൻ."
"കൊലചെയ്യാത്തതുമെന്തേ, ക്രൂവേ?"
"കൊലചെയ്താൽമതിയാമോ, ഭോഷാ
പലനാളിങ്ങനെ, പട്ടിണിയിട്ടും,
പലതുംകണ്ടുടനാനകളിച്ചും,

വലയിൽപെട്ട കരങ്ങുകണക്കെ,
വലയണമെന്നേമതിയാവുള്ളൂ.
കൊലചെയ്താൽ പുരനന്തകനവനെ
"വലയ്ക്കുന്നതിഹനമുക്കറിയാമൊ."

* * * *

രാവണമുറവിളി കേട്ടിട്ടിങ്ങനെ
രാവുംപകലും ഘോഷിക്കുന്നു.

കുഞ്ചൻനമ്പ്യാർ] [കാർത്തവീര്യവിജയം തുള്ളൽ

## ൯. സാമവാക്യം

൧. കൌരവ്യതാതൻ ധരിക്കേണമിപ്പോൾ,
നാരായണൻ ഞാനുരയ്ക്കുന്നതെല്ലാം.
ഓരോശഠന്മാർക്കു ചിത്തം കൊടുത്താൽ,
നേരല്ലരാജൻ, മഹാദേവശംഭോ.

൨. ധർമ്മാത്മജൻചൊന്നവാക്യപ്രകാരം,
നിർമ്മായമുൾക്കൊണ്ടുകേൾക്കേണമിപ്പോൾ;
ധർമ്മാർത്ഥകാമങ്ങൾസിദ്ധിക്കുമെന്നാൽ,
ദുർമ്മാർഗ്ഗമെന്യേ, മഹാദേവശംഭോ.

൩. ബന്ധുക്കളായുള്ളനാംതമ്മിലിപ്പോൾ
ബന്ധിക്കുമാറുള്ളബന്ധം,വരേണം,
എന്തിന്നുവൈരംമുഴുക്കുന്നുചിത്തേ,
സന്താപമൂലം, മഹാദേവശംഭോ.

൮. ജീവിച്ചിരിക്കുന്നകാലം, നരാണാം
ഭാവാനുകൂല്യംവരേണ്ടുന്നതെല്ലാം,
ആവോളമൊക്കെ ക്ഷമിക്കേണമെന്നാ
ലാപത്തുമില്ലാ, മഹാദേവശംഭോ.

* * * *

൯. ഞാനുംമനസ്സിങ്കലില്ലെന്നുവന്നാൽ,
ഞാനെന്നഭാവംമുഴുത്തീടുമേററം.
മാനംമദദ്വേഷരാഗങ്ങളെല്ലാം
നൂനംപെരുകും, മഹാദേവശംഭോ.

൰. കാണുന്നലോകേ, ജനിച്ചും, മരിച്ചും,
കേണും, വിശന്നും, കരഞ്ഞും, വിരഞ്ഞും,
വീണും, തെളിഞ്ഞും, കളിച്ചും, പുളച്ചും
പ്രാണിപ്രപഞ്ചം, മഹാദേവശംഭോ!

൧. മന്നിൽപിറന്നുള്ള മർത്ത്യാദികാനാ
മന്യോന്യബന്ധംതപമാവശ്യമല്ലോ,
അന്യായകർമ്മങ്ങൾകൂടാതിരുന്നാൽ,
നന്നായ് വരുംകേൾ, മഹാദേവശംഭോ.

കുഞ്ചൻനമ്പ്യാർ.]

[പതിനാലുവൃത്തം.

## ൧൦. ബാലിവാക്യം

കേൾക്കസഖേ, ദശകണ്ഠഭവാനുടെ
ധിക്കാരങ്ങൾ, കുറച്ചീടേണം,
ശക്രാദികളൊടുവക്കാണത്തിനു
പൊയ്ക്കൊള്ളരുതു, ഭവാനിനിമേലാൽ.

ചൊല്ക്കൊള്ളുന്നൊരു നിന്നുടെ വാക്കുകൾ
കയ്ക്കൊള്ളുന്നതുമുണ്ടഹമധുനാ.
പൊയ്ക്കൊള്ളുകനീ, നിന്നുടെഭവനേ,
നോക്കിനടക്കണമൊക്കയുമിനിമേൽ.
കാലം, ദേശാവസ്ഥകൾ, മൂന്നിവ
കാലേതന്നെയറിഞ്ഞീടേണം;
ബാലകവൃദ്ധന്മാരുമതിന്നൊരു
പോലെയതിന്നൊരു ഭേദവുമില്ല.
ഭൂലോകങ്ങളിലുള്ള ജനങ്ങടെ
ശീലഗുണങ്ങളറിഞ്ഞീടേണം.
നാലുജനങ്ങടെ നടുവിൽച്ചെന്നാൽ,
നാനാവിധമതുകാട്ടരുതവിടെ.
കാൎയ്യാകാൎയ്യവിവേകംവേണം,
മൎയ്യാദകളുടെയറിവുംവേണം,
ശൌൎയ്യംവേണം, ചതുരതവേണം,
വീൎയ്യംവേണം, വിബുധതവേണം
അല്ലാതുള്ള ജനങ്ങൾക്കെല്ലാം
വല്ലാതുള്ളതു വന്നുഭവിക്കും.

[ബാലിവിജയം തുള്ളൽ.
കുഞ്ചൻനമ്പ്യാർ.]

—·—o—

# ൧൧. വൃദ്ധലീല

---

കണ്ണൻതാൻവന്നതുകണ്ടോരുനേരത്തു,
കണ്ണുനീർവീഴ്ത്തിയണഞ്ഞുചെമ്മെ.
കോപിച്ചുപണ്ടുതാൻ കോലുമായ് ചെല്ലുമ്പോൾ,
വേപിച്ചുമേവുന്നമേനിതന്നെ,
ചാലെപ്പിടിച്ചങ്ങു പൂണ്ടുനിന്നീടിനാൾ,
ബാലനായുള്ളനാളെന്നപോലെ.
പാരിച്ചുനിന്നുള്ള പാഴായ്മചെയ്കയാൽ,
പാശത്തെക്കൊണ്ടുപിടിച്ചുകെട്ടി,
തിണ്ണംവലിച്ചുമുറുക്കിഞാൻ, നിർമ്മയാ-
ലുണ്ണിക്കൈമേനിയിൽപ്പുണ്ണുണ്ടല്ലോ!
എന്നങ്ങുചൊല്ലിത്താലോടിത്തുടങ്ങിനാൾ
നന്ദജൻതന്നുടെ മേനിപിന്നെ.

* * * *

എന്മടിതന്നിൽ ഞാൻനന്നായിവച്ചുകൊ
ണ്ടെന്മകൻവാഴ്കെന്നുചൊല്ലുന്നേരം,
എന്മുഖംനോക്കീട്ടുപുഞ്ചിരിതൂകുന്ന
നന്മുഖംകാണട്ടെ, എന്നുചൊല്ലി;
അമ്മുഖംതന്നെമുകർന്നുതുടങ്ങിനാ
ളമ്മയായുള്ളയശോദയപ്പോൾ.
എന്നതുകേട്ടൊരുനന്ദനമന്നേരം,
ചെന്നങ്ങുപൂണ്ടുനിന്നായവണ്ണം,

എന്മുതുകേറിനിന്നാനകളിപ്പതി
നിന്നിനിയാമൊ ചൊല്ലുണ്ണിക്കണ്ണ.
തിങ്കളെച്ചെന്നുപിടിപ്പതിന്നായി, നി
ന്നെക്കഴുത്തേറുക വേണ്ടയൊ ചൊൽ?

*　　*　　*　　*

നൽച്ചൊല്ലുകൊണ്ടുടനന്ദനനമ്മയും
നൽച്ചെവിരണ്ടും കുളുർപ്പിച്ചപ്പോൾ
ഉൾച്ചേർന്നുപിന്നെയുംമെച്ചമേപോക്കിനാ
നിട്ടയിൽനിന്നുള്ളൊരച്യുതൻതാൻ.

[കൃഷ്ണഗാഥ.
ചെറുശ്ശേരി]

—c—

## ൨൨. താരാട്ട്

ഓമനത്തിങ്കൾക്കിടാവോ—നല്ല
കോമളത്താമരപ്പൂവോ,
പൂവിൽനിറഞ്ഞമധുവോ—പരി
പൂർണ്ണേന്ദുതന്റെനിലാവോ,
പുത്തൻപവിഴക്കൊടിയോ—ചെറു
തത്തകൾകൊഞ്ചുംമൊഴിയോ,
ചാഞ്ചാടിയാടുംമയിലോ,—മൃദു
പഞ്ചമംപാടുംകുയിലോ,
തുള്ളുമിളമാൻകിടാവോ,—ശോഭ
കൊള്ളുന്നൊരന്നക്കൊടിയോ,

ഈശ്വരൻതന്ന നിധിയോ—പര
മേശ്വരിയേന്തും കിളിയോ,
പാരിജാതത്തിൻതളിരോ,—എന്റെ
ഭാഗ്യദ്രുമത്തിൻഫലമോ,
വാത്സല്യരത്നത്തെവയ്പ്പാൻ—മമ
വാച്ചോരുകാഞ്ചനച്ചെപ്പോ,
ദൃഷ്ടിക്കുവെച്ചോരമൃതോ—കൂരി
രുട്ടത്തുവെച്ചവിളക്കോ,
കീർത്തിലതയ്ക്കുള്ളവിത്തോ—എന്നും
കേടുവരാതുള്ളമുത്തോ,
ആർത്തിതിമിരംകളവാൻ—ഉള്ള
മാർത്താണ്ഡദേവപ്രഭയോ,
സൂക്തിയിൽ കണ്ട പൊരുളോ—അതി
സൂക്ഷ്മമാം വീണാരവമോ,
വമ്പിച്ചസന്തോഷവല്ലി—തന്റെ
കൊമ്പതിൽപൂത്തപൂവല്ലി,
പിച്ചകത്തിൻമലർച്ചെണ്ടോ—നാവി
ന്നിച്ഛനൽകുംനൽകൽക്കണ്ടോ,
കസ്തൂരിതന്റെ മണമോ—നല്ല
സത്തുക്കൾക്കുള്ള ഗുണമോ,
പൂമണമേറെറാരുകാറേറാ—ഏറ്റം
പൊന്നിൽകലർന്നൊരുമാറേറാ,
കാച്ചിക്കുറുക്കിയ പാലോ—നല്ല
ഗന്ധമെഴും പനിനീരോ,

നന്മവിളയുംനിലമോ—ബഹു
ധർമ്മങ്ങൾവാഴുംഗൃഹമോ,
ദാഹംകളയുംജലമോ—മാർഗ്ഗ
ഖേദംകളയുംതണലോ,
വാടാത്തമല്ലികപ്പൂവോ—ഞാനും
തേടിവച്ചുള്ളധനമോ,
കണ്ണിന്നുനല്ലകണിയോ—മമ
കൈവന്നചിന്താമണിയോ,
ലാവണ്യപുണ്യനദിയോ—ഉണ്ണി
ക്കാർവർണ്ണൻതന്റെ കണിയോ,
ലക്ഷ്മീഭഗവതിതന്റെ—തിരു
നെററിമേലിട്ടകുറിയോ,
എന്നുണ്ണികൃഷ്ണൻജനിച്ചോ—പാരി
ലിങ്ങനെവേഷംധരിച്ചോ,
പത്മനാഭൻതൻകൃപയോ—ഇനി
ഭാഗ്യംവരുന്നവഴിയോ.

[ഇരയിമ്മൻ തമ്പി

## ൧൩. സാരോപദേശം

ശാസ്ത്രംഗ്രഹിച്ചതുകൊണ്ടുമതിയല്ല,
ശാസ്ത്രോക്തമാചരിക്കാതെഫലംവരാ.
എത്രയുംനല്ലകഷായമെന്നാകിലും,
മാത്രംകുടിക്കാതെ രോഗംശമിക്കുമോ?
ഗ്രന്ഥംകരത്തിലുണ്ടായാൽമതിയല്ല,
ചന്തത്തിലർത്ഥംഗ്രഹിച്ചേമതിവരൂ.

അന്ധനായുള്ളവൻദീപം കരത്തിങ്ക-
ലേന്തിനടന്നാൽവഴിയറിഞ്ഞീടുമോ!
തങ്ങടെ സ്ഥാനങ്ങൾവിട്ടുപോകുന്നവ-
ൎക്കെങ്ങുമെചെന്നാൽ സുഖംവരത്തില്ലെടോ.
ദന്തം, നഖം, കേശമിത്യാദിനല്ലൊരു
ചന്തമുണ്ടംഗേഷുചേൎന്നിരിക്കുംവിധൌ
പെട്ടെന്നുഗാത്രത്തിൽനിന്നുവിട്ടാലതു
തൊട്ടാൽകുളിക്കേണമെന്നുവന്നീലയോ.
ഏഴുവസ്തുക്കളുണ്ടു ചിത്തശല്യങ്ങൾചൊല്ലാം

*　　　*　　　*

ഏഴുംകേട്ടുകൊള്ളുക സാരബോധമുണ്ടാകും.
ചാരുത്വംവിനാ, പകൽകാണുന്നശശാങ്കനും,
താരുണ്യംപോയിവളൎന്നീടുന്നകൃശാംഗിയും,
താമരപ്പൂവില്ലാത്തപൊയ്കയും, കണ്ടാൽനല്ല
കാമനെപ്പോലുള്ളൊരുമൂഢനാം പുരുഷനും,
പാരിലെദ്രവ്യമെല്ലാംമോഹിക്കും നരേന്ദ്രനും,
ദാരിദ്ര്യംമുഴുത്തുള്ള സജ്ജനങ്ങളുംതഥാ
മന്നവന്മാരിൽചേൎന്നുനില്ക്കുന്ന ദുൎമ്മന്ത്രിയും
എന്നിവയേററംദുഃഖംമനസ്സിന്നുണ്ടാക്കുന്നു.

കുഞ്ചൻനമ്പ്യാർ]

[പഞ്ചതന്ത്രം

—o:O:o—

# ൧൪. ധൎമ്മോപദേശം

—:o:—

൧. ഗുരുചരണപത്മപരിചരണഭാഗ്യം,
പരിചൊടുനിരൂപിച്ചതിന്നുതുനിയേണം.
ഹരിചരണസേവാമനിശമിയലേണം,
ദുരിതഹരമല്ലോ, പ്രണമതമുകുന്ദം.

൨. വിനയമതുവേണം മനസിമനുജാനാം.
അരുതരുതുനിന്ദാ, സ്വജനപരിഹാസം,
അനുചിതവിവാദം, ബഹുവിധവിഷാദം,
ഖലുനദുരിതമൂലം, പ്രണമതമുകുന്ദം.

൩. വരവിനുസമാനംചിലവുമതുവേണം,
ധരണിപതിമാൎക്കെന്നറിക, ധരണീശ.
ഒരുവനുപകാരംവിരവിലിയലാഞ്ഞാൽ
വരവതുനശിക്കും, പ്രണമതമുകുന്ദം.

൪. നിജമുദരമാത്രംപരിചൊടുനിറപ്പാ
നജവുമിഹപോരും, പ്രഭുതയുമതല്ല;
സുജനപരിരക്ഷാ സുവരനവിശേഷം
വിജയമതുമൂലം, പ്രണമതമുകുന്ദം.

൫. പറയരുതസത്യം, കുറയരുതുദാനം
അറിയരുതുദോഷം, മറയരുതുതോഷം,
അറിവുകുറയുന്നോൎക്കറിവുപറയേണം,
മറവുമരുതേതും, പ്രണമതമുകുന്ദം.

൬. മനസിപുനരല്പം സുഖമതുനിനച്ചി
ട്ടനവധിധനാനാംവ്യയമരുത്തു, രാജൻ
ജനകനുടെവാക്കും, ജനനിയുടെവാക്കും,
മനസിവഹനീയം, പ്രണമതമുകുന്ദം.

കുഞ്ചൻനമ്പ്യാർ] [പതിനാലുവൃത്തം

—o:0:o—

# ൧൫. വിജയരഹസ്യം

കാലദേശാവസ്ഥകളറിഞ്ഞുപ്രവൎത്തിച്ചാൽ,
ചാലവേസമീഹിതംസാധിക്കുംസമസ്തവും.
ബുദ്ധിക്കുവിഭൂഷണംനല്ലതുശാസ്ത്രജ്ഞാനം,
സിദ്ധിക്കുംശൌൎയ്യാടോപംധൈൎയ്യമുണ്ടെന്നുവന്നാൽ.
തന്നുടെകാൎയ്യംലഭിക്കേണമെന്നിച്ഛിക്കുന്നോ
ൎക്കിന്നതേചെയ്തീടാവൂകാൎയ്യമെന്നുണ്ടാകുമോ.
ആപത്തുവരുന്നേരമാകുലതാപവും വേണ്ട;
സമ്പത്തുവരുന്നേരംസംപ്രഹൎഷവുംവേണ്ട.
ക്രോധവും, ദുർബോധവും, ലോഭവും ദുൎമ്മോഹവും
രോധവുംവിഷാദവുമീവിധങ്ങളുംവേണ്ട.
സൎവ്വംക്ഷമിച്ചുകൊണ്ടിരുന്നാപത്തുകളെവെ
ദുൎവ്വിധംനീക്കിക്കാലംസാധുവായ്‌വരുന്നേരം,
സൽകൎമ്മങ്ങളെല്ലാംഫലിക്കുംധീരന്മാൎക്കു,
സൎവ്വസമ്പത്തുംതന്റെ ഹസ്തത്തിൽ വരുമപ്പോൾ;
പ്രാജ്ഞപൂരുഷനാകും ശ്രീരാമചന്ദ്രനഹോ,
രാജ്യവിഭ്രംശേ, വനവാസവുംഭവിച്ചില്ലേ!

പഞ്ചപാണ്ഡവന്മാരും നാടുവിട്ടരണ്യത്തിൽ
സഞ്ചരിച്ചഹൊബഹുസങ്കടംപ്രാപിച്ചില്ലെ.
നൈഷധൻനളൻതാനുംദേവിയെപ്പിരിഞ്ഞഹൊ
വൈഷമ്യംപലതത്ഭുതവാനായീലയോ!
ദുർഘടസ്ഥാനമവൎക്കെല്ലാക്കുമൊഴിഞ്ഞപ്പൊ
ളുൽക്കടപ്രകാശവും, പ്രാഭവങ്ങളുംവന്നു!

കുഞ്ചൻനമ്പ്യാർ] [പഞ്ചതന്ത്രം

—o—

## ൧൩. സമഭാവം

പാക്കനാർകുലംതന്നിൽ പിറന്നുള്ളോരടിയൻെറ
വാക്കിനേശ്രവിക്കേണം വൈകാതെബുധന്മാരെ,
വിപ്രനെന്നും,ക്ഷത്രിയനെന്നും,വൈശ്യനെന്നും,ശൂദ്രനെ [ന്നും
ഇപ്രപഞ്ചേനാലുവൎണ്ണംനാലുവക്രൂത്തുളവാക്കി.
തൽപുറത്തുബൌദ്ധനെന്നും, പാണനെന്നുംപറയനെന്നും
കല്പിതംജാതിഭേദത്തിന്നന്തമില്ലനിരൂപിച്ചാൽ.

*　*　*

ഏവമുള്ളശരീരങ്ങൾക്കൊക്കവേപാൎത്തുകാണുമ്പോൾ
ജീവനായിട്ടൊന്നുതന്നെആയതിപ്പോൾ പരബ്രഹ്മം.
തുലുകൊണ്ടുപിരിച്ചോരുചരട്ടിൽ, പൊന്മണികോൎത്തു
മാലയാക്കിധനികന്മാർധരിക്കുന്നുഗളന്തന്നിൽ.
മുത്തുകൊണ്ടുംമാലകോൎക്കും, പവിഴംകൊണ്ടുമുണ്ടാക്കും,
പൂത്തിലഞ്ഞീക്കുരുകൊണ്ടും,കന്നികൊണ്ടും ദരിദ്രന്മാർ
എന്നിവൎണ്ണംസുവൎണ്ണാദിക്കൊക്കവേ, താൻചരടായി
ട്ടൊന്നുതന്നെ, പൊന്നിന്മക്കുന്നിമഞ്ചാടിമാലയ്ക്കും,

ജ്ഞാനമെന്നുള്ളതുതന്നെസാരമെന്നുധരിക്കേണം,
ജ്ഞാനമില്ലാത്തവിപ്രനും ബൌദ്ധനും ഭേദമില്ലേതും

*    *    *

ഈശ്വരൻ, പരമേശ്വരൻ, പരദൈവമുണ്ടുനമുക്കഹോ,
വിശ്വസിച്ചു ഭജിച്ചുകൊണ്ടു വസിച്ചുകൊള്ളുവാനേവരും.
ഭക്തവത്സലനായ ശിവനുടെ ചരണതാമരസങ്ങളിൽ
ഭക്തിയുള്ള ജനത്തിനേതു വിമുക്തിലാഭമുടൻവരും.
ഭക്തിസൌഖ്യമുടൻലഭിച്ചിഹമുക്തിവരുമതിനീശ്വരാ
ഭക്തിതന്നെമഹൌഷധം, പുനരന്യമില്ലുപദേശവും.

കുഞ്ചൻനമ്പ്യാർ]    [പുലിന്ദിമോക്ഷം തുള്ളൽ.

—o—

## ൧൦. കോമളകുമാരൻ

---

കോമളന്മാരായൊരു സോദരന്മാരുമായി,
ശ്യാമളനിറംപൂണ്ടലോകാഭിരാമദേവൻ,
കാരുണ്യാമൃതപൂർണ്ണാപാംഗവീക്ഷണംകൊണ്ടും,
സാരസ്യവ്യക്തവർണ്ണാലാപപീയൂഷംകൊണ്ടും,
വിശ്വമോഹനമായ രൂപസൌഗന്ധ്യംകൊണ്ടും,
നിശ്ശേഷാനന്ദ പ്രദദേഹമാർദ്ദവംകൊണ്ടും,
ബന്ധൂകദന്താംബരചുംബനരസംകൊണ്ടും,
ബന്ധുരദന്താങ്കുരസ്പഷ്ടഹാസാഭകൊണ്ടും,
താതനമ്മമാർക്കും നഗരവാസികൾക്കും
പ്രീതിനൽകിനാൻ, സമസ്തേന്ദ്രിയങ്ങൾക്കുമെല്ലാം.

ഫാലദേശാന്തസ്വർണ്ണാശ്വത്ഥപർണ്ണാകാരമായ്,
മാലേയമണിഞ്ഞതിൽപററീടുംകുരളവും,
അഞ്ജനമണിഞ്ഞതിമഞ്ജുളതരമായ
കഞ്ജനേത്രവും, കടാക്ഷാവലോകനങ്ങളും,
കർണ്ണാലങ്കാരമണികുണ്ഡലംമിന്നീടുന്ന
സ്വർണ്ണദർപ്പണസമഗണ്ഡമണ്ഡലങ്ങളും.
ശാർദ്ദൂലനഖങ്ങളും, വിദ്രുമമണികളും,
ചേർത്തുടൻകാർത്തസ്വരമണികൾ മദ്ധ്യേമദ്ധ്യേ,
കോർത്തു ചാർത്തീടുന്നൊരു കണ്ഠകാണ്ഡോദ്യോതവും,
മുത്തുമാലകൾവനമാലകളോടുംപൂണ്ടു
വിസ്തൃതോരസിചാർത്തും തുളസീമാല്യങ്ങളും,
നിസ്തുലപ്രഭവൽസലാഞ്ഛനഭ്രമംചേർത്തും;
അംഗദങ്ങളും, വലയങ്ങൾ, കങ്കണങ്ങളും,
അംഗുലീയങ്ങൾകൊണ്ടുശോഭിച്ചകരങ്ങളും,
കാഞ്ചനസദൃശപീതാംബരോപരിചാർത്തും
കാഞ്ചികൾ, നൂപുരങ്ങളെന്നിവ പലതരം
അലങ്കാരങ്ങൾപൂണ്ട സോദരന്മാരോടുമൊ-
രലങ്കാരത്തെച്ചേർത്താൻ ഭൂമിദേവിക്കുനാഥൻ.
ഭർത്താവിന്നധിവാസമുണ്ടായോരയോദ്ധ്യയിൽ
പൊൽതാർമാനിനിതാനും കളിച്ചുവിളങ്ങിനാൾ.

[രാമായണം
-എഴുത്തച്ഛൻ]

—:o:O:o:—

# ഫവ്യ. ശിവയോഗിഗീത

ഒരുദിവസമൃഷഭശിവയോഗി, ഭദ്രായുസ്സി
നത്രവന്നേവംപറഞ്ഞുതുടങ്ങിനാൻ.
പറയരുതുപൊളിവചനമറിയരുതുദുർമ്മദം,
പാപകർമ്മങ്ങളുംചെയ്തീടൊലാഭവാൻ.
മറിവരുതുമനതളിരിലറിയണമിതൊക്കവെ,
മാധുര്യമില്ലാത്തവാക്കുചൊല്ലീടൊലാ.
കളിയരുതുഗുരുവിനൊടു, കളയരുതുധൈര്യവും,
ഞാനെന്നഹങ്കാരമെങ്ങുംതുടങ്ങൊലാ.
കപടമരുതൊരുപൊഴുതുമബലനെവലയ്ക്കൊലാ,
കണ്ണേജപന്മാൎക്കുചിത്തംകൊടുക്കൊലാ.
ഒരുപുരുഷനൊടുമരുതുപരുഷവചനം സഖേ,
ഒട്ടുംഗുരുക്കളെധിക്കരിച്ചീടൊലാ.
ഒരുപൊഴുതുമരുതുതവപരധനപരിഗ്രഹം
ഓർത്താലതില്പരംദോഷംനഹിനഹി!
കനകമതിലതിരുചിയുമരുചിതമതോൎക്കനീ,
കല്പിച്ചതല്ലാതൊരല്പംഭവിക്കുമോ.
അതിനുപണമിതിനുപണമിതിശഠതചൊൽകയാ
ലത്യന്തലോഭവാനെന്നുകേൾപ്പിക്കൊലാ.
അഖിലജനഹൃദയമതുമറിയണമസംശയം
അൎത്ഥദാനങ്ങളുംവേണംകുമാരക.
ദ്രവിണമദമരുതുതവ, വിനയമൊടുവാഴ്കെടൊ,
ദ്രവ്യംനശിക്കുന്നതെന്നുധരിക്കനീ.

പരവശതകലരുമൊരു പുരുഷന്നുകൊടുക്കണം
പ്രാണനെന്നാകിലും, പാത്രമെന്നോർക്കെടൊ.
ചപലതകളരുതുതവ, ചതുരഗ്ഗുണ വാരിധേ,
ചണ്ഡാലനെക്കൂടെനിന്ദചെയ്തീടൊലാ.
അതിവചനമരുതു, പുനരരുതുപരിഹാസവും,
ആത്മപ്രശംസയുംചെയ്തീടൊലാഭവാൻ.
സ്വജനമൊടുകലഹമതുമരുതു, ദുരിതംഫലം,
സ്വാദുള്ളവസ്തുക്കൾതാനേഭുജിക്കൊലാ.
ഹിതവചനമഹിതനൊടുമുചിതമവനീപതേ,
ഹിംസയുംപിന്നെച്ചുരുക്കണംമിക്കതും.
ഉഷസിപുനരുണരുകയുമുചിതവിധിചെയ്കയും
ഉത്സാഹശാലിയായ്തന്നേവസിക്കയും,
അനവരതമഖിലജനരുചികരുണമാദരാൽ
അന്നദാനംചെയ്തുകൊൾകനീ ബാലക.
അരികളിലുമവരവരിലുചിതമതുചെയ്കനീ
സാമവും ദാനവും ഭേദവുംദണ്ഡവും.
വഴികളതുപലതുമിതികനിവൊടുപറഞ്ഞുഞാൻ
വാമദേവാച്ഛ്നംസവ്സാരംസഖേ.

കുഞ്ചൻനമ്പ്യാർ]   [ശിവപുരാണം.

---

# ൧൯. പുണ്യം

---

മാനസവചനദേഹങ്ങളാം കരണങ്ങൾ
മൂന്നിനാലുണ്ടാം, പുണ്യപാപമിശ്രകർമ്മങ്ങൾ.
പുണ്യതീർത്ഥത്തിൽ സ്നാനംചെയ്കയും, സത്തുക്കളോ-
ടൊന്നിച്ചുവസിക്കയും, ദർശിച്ചുസുഖിക്കയും,
മന്നിലുള്ളോരു ദേവാലയങ്ങൾതോറും ചെന്നു
വന്ദിച്ചു പ്രദക്ഷിണംചെയ്കയും, പൂജിക്കയും,
നന്ദിച്ചുഗുരുപാദം വന്ദിച്ചുഭജിക്കയും,
മന്നിടം തന്നിലെല്ലാം സഞ്ചരിക്കയുംചെമ്മേ
വന്ദ്യന്മാരായുള്ളവർതമ്മെകാണുന്നനേരം,
വന്ദിച്ചുനമസ്കരിച്ചൊന്നിച്ചുവസിക്കയും,
ഇങ്ങിനെ കായത്തിനായ് ചെയ്യുന്ന പുണ്യകർമ്മ-
മെന്നറിഞ്ഞാലുമിനിക്കേട്ടാലും വാക്പുണ്യവും.
ശാസ്ത്രങ്ങൾ, ഗീതാ, ഭഗവച്ചരിതവും, നാമ-
സങ്കീർത്തനം, സഹസ്രനാമങ്ങളെന്നിവയെല്ലാം
കീർത്തിച്ചുപറകയും, നാമങ്ങൾ ജപിക്കയും,
വാർത്തകൾ പരോപകാരാർത്ഥമായ് വദിക്കയും,
ചഞ്ചലവിഹീനമായുള്ളൊരു സത്യവാക്കും,
ചെഞ്ചെമ്മേ മൃദുലമായുള്ളൊരു വചനവും,
മന്ത്രങ്ങൾ പഞ്ചാക്ഷരാദികളെ ജപിക്കയും,
സന്തതം സാധുക്കളെമായിസ്സംവദിക്കയും,
ഇങ്ങനേ വാണീപുണ്യമെന്നുബോധിക്ക ബാലേ,
ഇനിമേൽ മനഃപുണ്യമുണ്ടതുകേട്ടിടുക.

നാവിനാലുരയ്ക്കുന്നതേതൊന്നായതിന്നടെ
ഭാവബന്ധാത്ഥങ്ങളെയാവോളം മനസ്സിനാൽ
ചിന്തിച്ചു ചിന്തിച്ചറിഞ്ഞ നാമിമയങ്ങളാ-
മന്ധത്വമശേഷവുംകളഞ്ഞു, വിവേകിയായ്,
സന്തതം പരോപകാരാത്ഥമായ് ഭിപ്പോരു
ചിന്തയും, പരലോകചിന്തയും, ഭക്തിജ്ഞാന
ചിന്തയും, ബന്ധങ്ങളററീട്ടവാൻ വൈരാഗ്യാദി
ചിന്തയും മനസ്സിനാൽചെയ്യുന്ന പുണ്യകമ്മം.

[ചിന്താരത്നം
എഴുത്തച്ഛൻ]

---

# ൨൦. ധർമ്മപുത്രരുടെ രാജ്യഭരണം

---

നഹുഷാദികൾ പരിപാലനംചെയ്യുംപോലെ
മിഹിരാത്മജസുതൻ പരിപാലിച്ചുരാജ്യം.
മന്നവന്മാരെയെല്ലാം തന്നുടെ കാല്ക്കലാക്കി,
മന്നിടമെല്ലാമൊക്കെ കൈത്തലത്തിലുമാക്കി,
സത്യത്തെ നാവിന്മേലും, കൃപയെ ചിത്തത്തിലും,
വൃത്തത്തെ രാജനീതിതന്നിലുമാക്കിനിത്യം
ഭക്തിയെ കൃഷ്ണങ്കലും. കൃഷ്ണനെ മനസ്സിലും,
നിത്യകമ്മാദികളെപ്പരമാത്മാവിങ്കലും
ഭ്രുതിയെ ഭ്രവിങ്കലും, ഫാലദേശത്തും ചേത്തു,
ഭ്രുതലമേകഛത്രച്ഛായതൻ കീഴമാക്കി
ദാനവാരിയെ തന്റെ ഉള്ളിലും കരത്തിലു-
മാനന്ദം വരുമാറു ചേത്തുരക്ഷിക്കും കാലം

* * * *

സങ്കടമില്ലയാർക്കും ഭൂമിയിലൊരെടത്തും
മരണം വരുവീല ബാലകന്മാർക്കുമെങ്ങും,
ചൌര്യ്യമെന്നുള്ള ശബ്ദംപോലുമില്ലെങ്ങുംകേൾപ്പാൻ
ശൌര്യ്യമില്ലാതെയില്ല യാരുമേ പുരുഷന്മാർ.
സ്വധർമ്മങ്ങളെപ്പരിപാലിക്കുമെല്ലാവരു-
മധർമ്മങ്ങളുമില്ല വിധർമ്മങ്ങളുമില്ല
പരദ്രവ്യത്തിലൊരു കാംക്ഷയില്ലൊരുവനും
ദരിദ്രന്മാരുമില്ല കൃപണന്മാരുമില്ല
ഗുരുദ്വേഷികളില്ല സുരദ്വേഷികളില്ല
ഗുരുദ്രോഹവുമില്ല മാനുഷർക്കൊരുനാളും.

എഴുത്തച്ഛൻ] [ഭാരതം

---

## ൨൫. ഭൂതദയ

—:o:—

തന്നുടെകാര്യ്യത്തിങ്കൽ ദീക്ഷിച്ചുവസിക്കുന്ന
ദുർന്നയന്മാരെച്ചെന്നു സേവിക്കുന്നവൻദോഷൻ.
അന്യനിൽ കൃപയില്ലാതുള്ളവൻജനിക്കയാൽ
മന്നിടംതന്നിൽ ക്ഷയമെന്നനുഭവിക്കുന്നു.
പർവ്വതങ്ങളും മരക്കൂട്ടങ്ങളും ലതകളും,
ദുർവ്വഹങ്ങളല്ലേതും ഭൂമിക്കെന്നറികനീ.
ദീനമാനുഷ്യന്മാരിൽ കാരുണ്യമില്ലാതൊരു
മാനുഷാധമന്മാരെ ധരിപ്പാൻ പാരംഖേദം
എന്തിനുജനിക്കുന്നു ദുർമ്മുഖന്മാരായുള്ള
ജന്തുക്കൾനിരക്കവെ ഭൂമിക്കുഭാരത്തിനോ?

തന്നുടെ ജനനംകൊണ്ടന്യനാമൊരുത്തന്റെ
ഉന്നതിവരുന്നാകിൽ ധന്യനശ്ശരീരവാൻ.
തന്നുടെയുദരത്തെപ്പൂരിപ്പാനകോവിദൻ
മന്നിലില്ലൊരുത്തനുമെന്നതു ഗുണമല്ലാ.
കർമ്മവാക്കായങ്ങളാലന്യനെപ്പാലിക്കണം,
ധർമ്മമൊന്നതുതന്നെ പോരുമെന്നറിഞ്ഞാലും.
നിർമ്മലൻ നിരഞ്ജനൻ വിശ്വനായകൻ വിഷ്ണു,
ധർമ്മമുള്ളവർകളിൽ പ്രീതനായ്വരും ദൃഢം.
വേണ്ടതു പരോപകാരാഗ്രഹം ശരീരിണാം,
വേണ്ടതുമതുകൊണ്ടു സാധിക്കുമസംശയം.

കുഞ്ചൻനമ്പ്യാർ] [നളചരിതം, കിളിപ്പാട്ട്.

—o§*§o—

## ൨൨. ശല്യവാക്യം

---

ഉള്ളമതേ കർണ്ണാ, പുനരതുകേൾക്കനീ,
കളിയല്ലപണ്ടു നിനക്കുതുല്യനാ
യൊരുപെരുംകാകനുളവായാനവൻ
ചരിതങ്ങളെയുമറിയുന്നീലെന്നീ?
ദിനന്തോറുമെച്ചിൽ കൊടുത്തൊരുവൈശ്യ
തനയന്മാരായ കുമാരന്മാർമൂന്നും
വളർത്താരെന്നതു നിമിത്തമാക്കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മദത്തൊടുചെന്നു വിളിച്ചിതാഴിയെ,
കടക്കണം പറന്നിന്നാമെല്ലാരും,
വെള്ളത്തമേനിയും ഞെളിയും വെണ്മയു
മിളച്ചുമുമ്പിനിക്കയെയ്ക്കയും വേണം

അതുകേട്ടുള്ളിൽകൌതുകത്തോടന്നവു
മുദധിതന്മീതേ പറന്നിതുമെല്ലേ.
അതിലുംമേൽഭാഗത്തധികംവേഗത്തി
ലതിമോദത്തോടു പറന്നു കാകനും;
തെളിഞ്ഞുവായസ ഗണവുമന്നേരം
തളൎന്നുകാകനും, ചിറകുമണ്ടിച്ചു
കുഴഞ്ഞു, വെള്ളത്തിൽ പിടഞ്ഞുവീണുടൻ,
കഴിഞ്ഞുകാകൻതന്നഹങ്കാരമെല്ലാം,
വിധിബലമല്ലോ, മരിച്ചാനപ്പോലെ
വിധിവിഹിതംകേൾനിനക്കുമാകനു.
വിളിച്ചരികെവച്ചുരുളയുംതന്നു
വളൎത്തുനിന്നെയുമിഹ സുയോധനൻ.
അഭിമാനിക്കുന്നതതുകൊണ്ടല്ലയോ,
കുപിതനാകൊല്ല പരമാൎത്ഥംചൊന്നാൻ.

എഴുത്തച്ഛൻ] [ഭാരതം

---

## ൨൩. ജീവകാരുണ്യം

ശ്രീമദംകൊണ്ടഹങ്കാരികളാകിയ
താമസന്മാർ, മററന്യജന്തുക്കളിൽ
കാരുണ്യമുണ്ടാകയില്ലതുകൊണ്ടക
താരിലാൎദ്രമാരു, സാധുക്കളിൽ ഭക്തിയും
പററുകയില്ല, സല്പ്രാണികളെപ്രതി
ചെററുവിശ്വാസവുമില്ലൊരുനേരവും;

നിത്യതയ്ക്കല്ലാതെയില്ലാത്ത മാനസ-
ക്കാംതാരിലില്ലഹങ്കാരമൊരിക്കലും;
ചിത്തേവിചാരവുമുണ്ടാസ്സതമവ
ക്കെത്രമത്രമൂലമാത്രവൈരാഗ്യവും;
ബുദ്ധിവശിത്വവും, ശാന്തിയും മാനസ
ശുദ്ധിയുമിന്ദ്രിയനിഗ്രഹാത്മത്വവും
വിജ്ഞാനവും, കലർന്നീടുമ്പൊഴുതുട
ന്നജ്ഞാനവുമകന്നീടും, തദ്ദൈവത
ശ്രദ്ധയും, ഭക്തികഴിവതിനെന്നിയെ,
വർദ്ധിക്കയില്ല, മററൊന്നിലുമേകദാ.
സത്തുക്കളോടുസമ്പക്കവും, തദ്വച
സ്സത്യപ്രതിജ്ഞയുമുത്ഭവിക്കും വിധൌ.
ദൈവാനുകൂല്യവശത്താലുദിച്ചേകം
ദൈവഗതിവിലാസങ്ങളും മാനസേ.
സർവ്വസത്വങ്ങളിലുള്ളനുകമ്പയും,
സർവ്വദാകൈവരുമില്ലൊരുസംശയം.

[ഭാഗവതം എഴുത്തച്ഛൻ]

## ൨൪. കൃഷ്ണലീല

പാടീടും ചിലർ, ചിലരോടീടുമൊരുപൊഴു
താടൽക്കൂടാതെ നൃത്തമാടീടും ചിലർ, ചിലർ
കൂടവേതുടർന്നോടനാടീടും, ചിലർ മന്ദം
പാടീടുമളികളെപ്പോലെ മൂളീടും ചിലർ,
കോലപ്പൂങ്കുഴൽ ചിലരൂതീടും ശൃംഗങ്ങളും,

ബാലന്മാർ ചിലർ ചിന്ന കാഹളങ്ങളുമെല്ലാം
പീലിയുംകെട്ടി മയിലാടീടും, ചിലരു
കാലേകോകിലധ്വനിപാടീടും, ചിലരപ്പോൾ
പക്ഷികൾപാറക്കുമ്പോൾ തൽപ്രതിച്ഛായമാർഗ്ഗേ
തൽക്ഷണംപിടിപ്പാനായുധരിച്ചോടും ചിലർ,
വൃക്ഷാണാമഗ്രങ്ങളിലുൾഗമിച്ചുഴറിന
മർക്കടനധരിതപുച്ഛങ്ങളെത്തിച്ചിലർ
പെട്ടെന്നു പിടിപെട്ടു, മപ്പൊഴുതവരെല്ലാം
ഞെട്ടിമേല്പോട്ടുചാടുമ്പോഴും വിട്ടീടായ്കമ്പോൾ,
ഒട്ടേടമവയിങ്ങോട്ടേക്കെപ്പോന്നീടും, പുന
രൊട്ടങ്ങു ചാടുന്നേരം തങ്ങൾമേല്പോട്ടുചെല്ലും
വൃക്ഷാഗ്രങ്ങളിൽക്കൂടെ, യങ്ങുചെന്നേറിത്തുയ-
ന്നാൽകമ്പിച്ചീടും ചിലശബ്ദങ്ങളുതുകേട്ടു.
വ്യഗ്രമുൾക്കൊണ്ടു കേൾക്കാവുന്നതെന്തെന്നുവേണ്ടു
തൊക്കവെ ചെവിപാർത്തുനിന്നറിഞ്ഞിടുന്നേരം,
നിർഭ്രമം വൃക്ഷങ്ങളെയറിയോർത്തിരുന്നീടും
അത്തരംകണ്ടാലേററം വിഭ്രമിച്ചീടും ചിലർ
മൽപ്രഭാവത്തെക്കണ്ടിട്ടൾപ്പുവിൽഭ്രമിപ്പാനെ
ന്തിവ് ഭോഷന്മാരെന്നുരചെയ്തുടൻ ചിരിച്ചീടും,
മററങ്ങുചിലരരയന്നങ്ങൾതന്നെപ്പോലെ,
കാററമെന്നിയെനടന്നീടുമാനന്ദത്തോടെ
ചിത്തമോർത്തിരു: പരിവർത്തനർമ്മാർത്ഥങ്ങളാ
ലുത്തമശ്ലോകന്തന്നോടൊത്തവരോരോവിധം,
സന്തതം ചെന്നു സൂര്യപുത്രിതൻതീരസ്ഥലേ,
എത്രയുമത്യുത്തമഭൂദേശത്തെപ്പുക്കാർ.

എഴുത്തച്ഛൻ]

[ഭാഗവതം.

# ൨൩. ഭക്തവാത്സല്യം

വിളങ്ങീടുന്നൊരഗ്നിയെ വന്ദിച്ചു,
വലവൈരിതനുജനമന്നേരം
അഴകോടൊരുപൊയ്കയിൽ ചെന്നുടൻ
മുഴുകിപരിശുദ്ധിവരുത്തിനാൻ;
വിലസീടുന്നപാണീതലങ്ങളിൽ
തുളസീദളംകൊണ്ടു നിറച്ചുതേ;
കലവില്ലും ചുമലിലെടുത്തുനി
ർമ്മലമായൊരുമാററുമുടുത്തുടൻ
കിഴിഞ്ഞീടിനവാർകുഴൽതന്നില
ങ്ങൊഴുകീടുന്നവാരികണങ്ങളും,
ഹർഷാശ്രുവഴിഞ്ഞുനിറഞ്ഞൊരു
വരിനീണ്ടവിലോചനഭംഗിയും
കൃഷ്ണനാമംജപിക്കുന്നനേരത്ത
ങ്ങൊട്ടൊട്ടുകാണും ദന്തദ്യുതികളും,

* * *

പരമാനന്ദത്തോടെയടുത്താന
ങ്ങെരിഞ്ഞീടുന്നൊരഗ്നികുണ്ഡത്തിങ്കൽ

* * *

“അയ്യയ്യോ കഷ്ടമെന്റെ ധനഞ്ജയൻ
തീയിലായിപ്പോളെന്നരുൾചെയ്തുടൻ!”
അൻപിനേക്കാളധികമുഴറേറാടെ,
അംബുജാക്ഷനെഴുന്നള്ളും നേരത്ത്,

* * *

അഗ്നിജ്വാലകളോട്ടൊട്ടുതട്ടമാ
റജ്ജുനൻെറനിലപാടുകാണായി.
അന്തികേചെല്ലുമ്പോധനഞ്ജയൻ
വെന്തുപോമെന്നിട്ടൎത്ഥമരുൾചെയ്തു.
“വത്സ,വത്സ,വിജയ,സഖേസഖേ
പാൎത്ഥപാൎത്ഥ,ധനഞ്ജയ” ഫൽഗുനാ;

* * *

മായാമാനുഷമൂൎത്തിയെക്കാണാതെ
ആയുധത്തോടെയൊന്നുകുതിച്ചുടൻ
തീക്കുഴിതന്നിൽ ചാടുവാനോക്കുമ്പോൾ
തൃക്കൈകൊണ്ടുപിടിച്ചോരുവില്ലാടു,
കണ്ഠത്തിന്നുടെപിന്നോക്കിവീണുതേ
പാണ്ഡുനന്ദനനെന്തൊരുവിസ്മയം.

പൂന്താനം]

[സന്താനഗോപാലം

—ഃ*ഃ—

## ൨൩. സൈരന്ധ്രീഭാഗ്യവിലക്ഷണം

—ഃ0ഃ—

ദ്രുപദനന്ദിനി, നലമൊടുരുതരസുപദവേദിനിയുംതഥാ
സുവരനിലയനമേറിനാളൊരുദാസിതന്നുടെ വേഷമായ്.
സപദിസരസിജവദനയാകിയരാജ്ഞിയോടുസഹാവ
[സൽ
സപതിപഞ്ചകനിയതിയുടെ ഹതവിധി യതോൎത്തുള്ളു
[ചൈവസാ.
മററമൊക്കെയടിച്ചുതൂത്തുതളിച്ചുഭംഗിവരുത്തണം,
മററുമനവധിവെങ്കലങ്ങൾതുടച്ചുവെണ്മതിളക്കണം,
മററുദാസികളോടുചേൎന്നുപുറത്തളത്തിലിരിക്കണം,
കററമശ്ശുനികൾക്കുവേരുവതിലൊട്ടുതാൻപിഴയേല്ക്കണം,

ഏഴരയ്ക്കെഴുന്നേററുവെള്ളമനർത്തിയെണ്ണയെടുക്കണം
കോഴവിട്ടഥതാളിക്കൂട്ടിമെത്തുക്കിയിഞ്ചപതയ്ക്കണം
കേഴമാന്മാപബാലരെങ്കിലെഴീററുപോയിയുറക്കണം.
നാഴികയ്ക്കൊരുനാലുകല്പനരാജ്ഞിചൊല്ലുവതുകേൾക്കണം

* * *

ഉത്തരയ്ക്കുകറിക്കുവേണ്ടതരച്ചുകൊണ്ടുകൊടുക്കണം,
ഉദ്ധരിപ്പൊരു മത്സരോക്തികൾ കേട്ടുകേട്ടുസഹിക്കണം
നൃത്തവേളയിൽ മദ്ദളം ചിലപോതിലെത്തിവദിക്കണം.
മുഗ്ദ്ധഗാത്രിവിയർത്തുവാങ്ങിയടങ്ങിയാലഥവീശണം

* * *

കപ്രധാനതപൂണ്ട സേവകരിൽപ്രദർശിതദുർഗ്ഗുണം
നിഷ്പ്രയാസമുതിർത്തിടുന്നതെത്തിടാതെസഹിക്കണം

* * *

അപ്രകാരവുമുള്ള ദ്വിവിധലക്ഷണങ്ങൾസഹിക്കണം
സുപ്രസന്നനിശാകരാനനതന്റെഭാഗ്യവിലക്ഷണം.
ഇപ്രകാരമുദിച്ചുകർമ്മരഹസ്യമെത്രവിചക്ഷണം
ദുഷ്പ്രഭുദ്ദുരിയോധനന്നുടെ പുണ്യലേശമിതോർക്കണം.

[കീചകവധം തുള്ളൽ
കുഞ്ചൻനമ്പ്യാർ]

—o—

## ൨൭. പാർവതീപരീക്ഷ

—o:0:o—

ദേവശങ്കരനൊരു വർണ്ണിതൻവേഷമായ്
പാർവ്വതീഭാവം പരീക്ഷതുടങ്ങിനാൻ.
"വേണ്ടുംഗുണങ്ങളിലൊന്നെങ്കിലുമിന്നു
തണ്ടാർശരാരികൾ കണ്ടീലഞാനെടൊ.
നല്ലൊരുവംശവും, സാധുപൂജിതവു
മല്ലൊവരേണ്ടതു, മുമ്പിലെല്ലാർക്കുമേ.

ശങ്കരൻതന്നുടെ വംശമേതെന്നതു
പങ്കജയോനിക്കുമില്ലൊരു നിശ്ചയം.
എല്ലാഗുണങ്ങളുമില്ലെന്നിരിക്കിലും
നല്ലസൌന്ദര്യമുണ്ടെങ്കിലുംപോരുമേ.
ഇന്നവൻതന്നുടെ മൂന്നുനേത്രങ്ങളും,
പന്നഗമാലയുമസ്ഥിദാമങ്ങളും,
തോലുമുടുത്തു, ജടയുംധരിച്ചൊരു
കോലംനിരൂപിക്കിലെത്രയുംവിസ്മയം.
യൌവനമുണ്ടെന്നിരിക്കിലതുംസുഖം
ശർവനതുള്ളതറികയില്ലാരുമേ.
നേരോടൊരുവസ്ത്രമില്ലതു കാരണം,
നാരംപുലിത്തോലുടുക്കുന്നുനിത്യവും.
ഭിക്ഷയൊരുദിനാകിട്ടിയില്ലെങ്കിലോ
ഭക്ഷവൈരിക്കുന്നുമാരുതഭക്ഷണം.
കോപത്തിനാവാസമായതുശങ്കരൻ
ശാപങ്ങളാംകൂട്ടവാനൊതടവില്ലെടൊ.
വാഹനമായതുവൃദ്ധനാംകാളപോൽ
മോഹനശീലെ നിനക്കിതുചേരുമോ.
ഇത്തരംവർണ്ണിതൻവാക്കുകൾകേൾക്കയാ-
ലെത്രയുംകോപിച്ചു പർവതപുത്രിയും,
ഗാത്രവുംപാരംവിറച്ചു രക്താന്തമാം
നേത്രയുഗത്താലെഴുന്നാറു ചൊല്ലിനാൾ.
പോരുംപറഞ്ഞതു പോരുംകുമാരകാ
സാരമറിയാത്തമൂഢനാത്രഭവാൻ.

ദേവതാനിന്ദയും ബ്രാഹ്മണനിന്ദയും
കേവലംമാതൃപിതൃഗുരുനിന്ദയും
കേട്ടാൽ ചെവികളുംപൊത്തി യവിടെനി-
ന്നൊട്ടുമേവൈകാതെ പോകണമേവനും.
അല്ലായ്കിലൊ പാപമുണ്ടായ് വരുമെന്നു
ചൊല്ലുന്നു, ശാസ്ത്രവും, വിദ്വജ്ജനങ്ങളും.
എന്നതുകൊണ്ടിന്നു, ഞാനും സഖികളു-
മന്യദേശത്തുചെന്നാശു വാണീടുവൻ.
ഇത്ഥമുരചെയ്തു കോപേനഗൗരിയും
സത്വരംപോയിതു പർണ്ണശാലാന്തരെ.

[പാർവ്വതീപരിണയം

---

# ൨൭. രുഗ്മിണീമാധവം

---

൧. ചഞ്ചലാക്ഷിരുഗ്മിണിയോടേവം, ചാരുവാക്യം,
പുഞ്ചിരിപൂണ്ടരുൾചെയ്തുദേവദേവൻ;
വഞ്ചിതയായല്ലോബാലേ, രുഗ്മിണീ, നീ ഇന്നു
വല്ലാത്തോരുവല്ലഭനേവേൾക്കമൂലം.

൨. വല്ലവീജനങ്ങളുടെ ജീവനാഥാ,ഭവാൻ,
വല്ലഭനായതുംമമഭാഗ്യമല്ലോ.
വല്ലാത്തോരുവല്ലഭനെന്നല്ലോ, നാഥാ,ഇതു
ചൊല്ലരുതെന്നോടുകാന്താവാസുദേവാ.

൩. ചേതസിനിനച്ചിരുന്നുനിൻപാദാബ്ജമിന്നു
ചേരുവാൻസംഗതിമമവന്നുവല്ലോ;

ഭൂപാലന്മാർവേൾക്കേണ്ടുന്നനിന്നേയിപ്പോളൊരു
ഗോപബാലകൻവിവാഹംചെയ്കയാലെ.

൪. താപമില്ലെന്നുണ്ടോവന്നീടുന്നുപോലെ,നിന്റെ
താതമാതാക്കൾക്കു മനതാരതിങ്കൽ.
ജാതിഭേദമുണ്ടോനിനക്കംബുജാക്ഷാ,പര
മാദിപുരുഷൻ നീയെന്നറിയുംഞങ്ങൾ.

൫. വിത്തമില്ലാത്തുള്ളകാന്തന്മാരിൽ നാരിമാർക്കു
ചിത്തരാഗമുണ്ടാകയില്ലല്ലോ പാർത്താൽ
പത്തുദിക്കുകൾക്കും പഞ്ചഭൂതങ്ങൾക്കും,പിന്നെ
പത്തുമൊരുനാലുമുള്ളൊരു ലോകങ്ങൾക്കും,

൬. സത്തുക്കളസത്തുക്കൾക്കുമാദിനാഥൻഭവാ_
നർത്ഥമില്ലെന്നുരചെയ്താലാർക്കുചേരും.
വിദ്യയുണ്ടെന്നാകിലെക്കൊള്ളാംകാന്തന്മാർക്കെന്നുള്ളിൽ
വിദ്യയുള്ളനാരിമാർക്കുമോഹംപാർത്താൽ.

൭. വിദ്യകൊണ്ടറിയേണ്ടുന്നതത്വമെല്ലാംനിന്റെ
വീര്യമെന്നെനിക്കുബോധമുണ്ടു കാന്താ.
വിദ്യയേയുമതിക്രമിക്കുന്നോ നിന്നേനാഥാ;
വിചാരമറിയാൻ ബന്ധമുണ്ടുകാന്താ.

൮ ഉള്ളിലുംപുറത്തുംമെല്ലാം വ്യാപിക്കുന്നഭവാ
നെള്ളിലെണ്ണയ്ക്കുതുല്യവാനെന്നുകേൾപ്പൂ.
ഇങ്ങനെനിനക്കുഭാവമെങ്കിൽ പങ്കജാക്ഷി
ഇങ്ങുവന്നിരുന്നാലും നീജീവനാഥേ.

കുഞ്ചൻനമ്പ്യാർ]

[പത്തുവൃത്തം.

# ൨൯. കേശാദിപാദം

—൦—

നിരന്നപീലികൾ നിരക്കവേ കുത്തി,
നെറുകയിൽ കൂട്ടിത്തിറമൊട്ടുകെട്ടി
കരിമുകിലൊത്ത ചികുരഭാരവും,
മണികൾ മിന്നിടും മണിക്കിരീടവും
കുനുകുനച്ചിന്നും കുറുനിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരു പൊടിപററി
തിലകവുമൊട്ടു വിയൎപ്പിനാൽ നന-
ഞ്ഞുലകുസൃഷ്ടിച്ചു, ഭരിച്ചു, സംഹരി-
ച്ചിളകുന്ന ചില്ലിയുഗളഭംഗിയും;
അടിയാരെക്കുറിച്ചൊരുകരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും,
ചപലന്മാരോടു കലൎന്നഹാസവും
എതിരിട്ടുന്നോക്കു ഭയങ്കരതാവും;
പലതുമിങ്ങനെ നവ നവ രസ-
മിടയിടക്കൂടീക്കലൎന്നനേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും,
വിയൎപ്പുതുള്ളികൾ പൊടിഞ്ഞനാസിക
സുമന്ദഹാസവു മധരശോഭയും,
തുളസിയും നല്ല സരസിജങ്ങളു-
മിളതായീടിന തളിരുകളുമാ-
യിടകലൻ്റനിളകും മാലകൾ,

തടയും മുത്തുമാലകളും കൗസ്തുഭ-
മണിയും ചേരുന്ന ഗളവും ചമ്മട്ടി-
പിടിച്ചോരു കരതലവും, കുങ്കുമം
മുഴുക്കപ്പൂശിന തിരുമറുമാറും,
നിറഞ്ഞ മഞ്ഞപ്പൂന്തുകിലും കാഞ്ചികളും
പദസരോരുഹ യുഗവുമെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കും പോലയ-
മ്മണിരഥം തന്നിലകം കുളുർക്കവേ
മണിവർണ്ണൻ തന്നെത്തെളിഞ്ഞു കണ്ടുഞാൻ.

എഴുത്തച്ഛൻ] [ഭാരതം

---

## ൩൦. പിതൃഭക്തി

---

കാരണം താതദുഃഖത്തിന്നു നീതന്നെ,
പാരിൽ സുഖദുഃഖമൂലമല്ലോ നൂനം.
സത്യവാദിശ്രേഷ്ഠനായ പിതാവിനെ
സത്യപ്രതിജ്ഞനാക്കീടുക സാമ്പ്രതം.
സത്യപാശേന സംബദ്ധനാം താതനെ
സത്വരം രക്ഷിപ്പതിന്നു യോഗ്യൻ ഭവാൻ.
പുന്നാമമാകും നരകത്തിൽനിന്നുടൻ
തന്നുടെ താതനെ ത്രാണനം ചെയ്കയാൽ,
പുത്രനെന്നുള്ള ശബ്ദം വിധിച്ചു, ശത
പത്രസമുത്ഭവനെന്നതറിക നീ.
മാതൃവചനം നിശമ്യ പറഞ്ഞിതു
മേദിനീപാലകുമാരനാം രാമനും;

താതാർത്ഥമായിട്ടു, ജീവനെത്തന്നെയും

*　　　*　　　*

മോദാലുപേക്ഷിപ്പനില്ലിതുസംശയം
രാജ്യമെന്നാകിലും, താതൻ നിയോഗിക്കിൽ
ത്യാജ്യമെന്നാലെന്നറിക നീ മാതാവേ.

*　　　*　　　*

പാവകൻ തങ്കൽ പതിക്കേണമെങ്കിലു-
മേവം വിഷം കുടിക്കേണ മെന്നാകിലും,
താതൻനിയോഗിക്കിലേതുമേസംശയം,
ചേതസി ചെററനിക്കില്ലെന്നറിയണം.

*　　　*　　　*

താതകാര്യ്യമനാജ്ഞപ്തമെന്നാകിലും,
മോദേനചെയ്യുന്നനന്ദനനുത്തമൻ;
പിത്രാനിയുക്തനായിട്ടു ചെയ്യുന്നവൻ
മദ്ധ്യമനായുള്ള പുത്രനറിഞ്ഞാലും;
ഉക്തമെന്നാകിലുമകാര്യ്യമെന്നാലെ
കർത്തവ്യമല്ലെന്നുവച്ചടങ്ങുന്നവൻ,
പിത്രോർമ്മലമെന്നു ചൊല്ലുന്നുസജ്ജനം.
ആകയാൽ താതനിയോഗമനുഷ്ഠിപ്പാ-
നാകുലമേതുമിനിക്കില്ല നിർണ്ണയം.

*　　　*　　　*

യാതൊരുത്തൻ പിതൃവാക്യത്തെലംഘിച്ചു
നീതിഹീനം വസിക്കുന്നിതുഭൂതലെ
ജീവൻമൃതനവൻ പിന്നെനരകത്തിൽ
മേവും മരിച്ചാലുമില്ലൊരു സംശയം.

[രാമായണം.
എഴുത്തച്ഛൻ]

———

ST. MARY'S ... PALAI ... Kerala

# ൯൧. ഭീമഭത്സനം

—ം:ഠ:ം—

൧. ഭീമസേനനതുകേട്ടുരചെയ്തു,
രാമസോദരനോടാദരവോടെ,
സാമവാക്കുകൾ കുറയ്ക്കരുതേതും,
ധീമതാംവര ഹരെജയശൌരെ.

൨. ബന്ധുലോകവധപാതകമിപ്പോൾ
എന്തുകാരണമഹോതുടരുന്നു?
സന്ധിവേണമടിയന്നതുതന്നെ
ചിന്തിതംഹൃദിസദാ, ജയശൌരെ.

൩. എന്നിതിങ്ങിനെ വൃകോദരവാക്യം
നന്ദനന്ദനനാശുനിശമ്യ,
നിന്ദയാപരിഹസിച്ചുരുൾചെയ്തു,
നന്നുനന്നുവചനം, ജയശൌരെ.

൪. ഭീമസേന, തവവാക്യമതിപ്പോൾ
കാമിനീവചനമോടുസമാനം,
ഭീമമാകിനപരാക്രമമെല്ലാം,
നാമശേഷമിവന്റെ, ജയശൌരെ.

൫. നാണവുംബതവെടിഞ്ഞിനി നീതാൻ
വാണുകൊൾകയൊരുകോണിലിദാനിം;
ഉണ്ണികൾക്കരണമെന്നതുകേട്ടാൽ
പ്രാണസങ്കടമഹോ, ജയശൌരെ.

൯. അഷ്ടിയെങ്കിലതിനേത്രസമൎത്ഥൻ,
കിട്ടിയാലതിനുമില്ലൊരുതൃപ്തി,
കാട്ടിലുള്ള ഫലമൂലമശേഷം
ചുട്ടുതിന്ന തടിയൻ, ജയശൌരെ.

൰. ഭത്സനങ്ങളിതി നന്ദസുതന്റെ
കത്സനാദി പരുഷങ്ങൾ, ഘനങ്ങൾ,
ദുസ്സഹങ്ങൾ, കടുകോപകരങ്ങൾ,
തത്സമക്ഷമഭവൽ, ജയശൌരെ.

കുഞ്ചൻനമ്പ്യാർ] [പതിനാലുവൃത്തം

—o—

## ൩൨. ദമയന്തീപരിത്യാഗം

അസ്തഗിരീശഖരമസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം,
ഗതിവതിസവിതരി ഗുഹകളിൽനിന്ന-
ത്തിമിരകരീശഖരരിളകും നേരം,
ഭിക്ഷുവിദിക്ഷു ച ദുഷ്കരമായ
തരക്ഷുഗണങ്ങൾതിമിൎക്കുംനേരം,
കാട്ടിൻനടുവേ കാട്ടാളാവലി
കൂട്ടംകൂടി ചെല്ലുന്നേരം,
മല്ലീവല്ലീഫുല്ലാവലിരിഹ
മെല്ലെമെല്ലെവിരിയിന്നേരം
പക്ഷികൾവൃക്ഷാവലിയിലടങ്ങി
ത്തിണങ്ങിമയങ്ങിഉറങ്ങുന്നേരം
ക്രോഷ്ടാനാംതതി കാട്ടിൻനടുവിൽ

കൂട്ടംകൂടിപ്പാടുന്നേരം
മയിലുകൾ പീലികൾ ചാലെ വിരിച്ചു-
നൃത്തവുമാടിയടങ്ങുന്നേരം
ഞെട്ടഞെട്ടെയുടനുടനടവികൾ തോറും
കരടികൾ കടുതരമലറുന്നേരം.
ഉഗ്രതരോടിനരാക്ഷസപടലീ
തീക്ഷ്ണനിനാദം കലരുന്നേരം,
ശ്രോത്രാനന്ദം ചേർത്തിടാതൊരു
ദാത്യൂഹാവലികരയുന്നേരം,
കുന്നുകൾപോലെ കനിവരും ചില
പന്നികളോടിച്ചാടുന്നേരം,
കാനനനികരേ, വിരഹിതവിവരേ
ദീനതപൂണ്ടഥ പാരമുഴന്നു.

ഉമാമംഗലം]

[ഭാഷാരാമായണചമ്പു

---

## ൨൨. രാവണസദ്ഗതി

—— ൪൦൪ ——

രാ. "ഏതെന്തെടാ, രഘുവംശനില്ലനില്ലേ
ഞെട്ടാതൊത്തടുക്കുന്നുനീ, താടകാരേ.
കണ്ഠത്തിലൂടെകടത്തീടുമിപ്പോൾ
എൻ ചന്ദ്രഹാസം, ഹരേരാമരാമ.

ര. പെണ്ണുങ്ങളോടും, മുനിപ്രവരന്മാരോടും
പെണ്മാനിനോടും, കപിപ്രവരന്മാരോടും,
ഒന്നൊന്നിയേചെന്നു വീര്യംനടിക്കും.
ത്വം, മാം, നജാനാസി, ശ്രീരാമരാമ.

൩. ദിക്കുംഭിവന്മസ്തകത്തെപ്പിളക്കും
മൽക്കൈകളെന്നുള്ളതോൎത്തീടവേണം.
നില്ക്കണ്ടുദൂരത്തുവച്ചേച്ചസ്ത്രമോഘം,
മല്ലൂൺചുവക്കുന്നു” ശ്രീരാമരാമ.

൪. “ലങ്കേശ്വരാ, ലോകസന്താപനാ, നീ
ശങ്കേതരംകേൾക്ക, വാക്യം മദീയം,
വമ്പൻഭവാനെങ്കിലധൎമ്മദാരാൻ
വഞ്ചിച്ചതെന്തിന്നു, ശ്രീരാമരാമ.

൫. കേൾപ്പുണ്ടുനിന്നെപ്പുരാ രാവണാ, ഞാ-
നക്കാൎത്തവീൎയ്യന്റെകാരാനിവാസേ,
വീൎപ്പുംമുട്ടിക്കിടക്കുന്നപ്രകാരം
കേട്ടീടുകോരോന്നു, ശ്രീരാമരാമ.

൬. ദൎപ്പാതിരേകേണകൈലാസശൈലം
കെല്പോടെടുപ്പാൻ തുടങ്ങുന്നനേരം
അപ്പാണിമേൽവീണുകേഴും ദശാസ്യം
കേൾപ്പുണ്ടുപണ്ടേ, ഹരേരാമരാമ.

൭. ധന്യാ, ദശഗ്രീവ, തന്നീടുസീതേ,
തന്നാലിനിക്കില്ല നിന്നോടുവൈരം
കൊന്നീടുവൻഞാനതല്ലായ്കിലിപ്പോൾ”
എന്നിങ്ങിനെചൊല്ലി, ശ്രീരാമരാമ.

* * *

൮. വിശ്വൈകനാഥൻ പറഞ്ഞോരുനേരം,
വിഷ്ണുസ്വരൂപം വിളങ്ങുന്നകണ്ടാൻ.
സത്വംഭവിക്കുന്ന കാന്തിപ്രഭാവൈ
വിശ്വപ്രതാപീ ഹരേരാമരാമ.

൯. പൂമാതുചേരുന്നപൂമേനിതന്നിൽ
ആമോദമേന്തുന്നപൂമാലകണ്ടാൻ,
കൌതുമോദമാപാദയന്തീമുദാരം
കൌതുമോദകം കണ്ടു, ശ്രീരാമരാമ.

൧൦. നാളീകനേത്രന്റെ നാഭീസരോജേ,
നാളീകജന്മാവിളങ്ങുന്നകണ്ടാൻ;
ശ്രീളാനമദചക്രതപങ്കേരുഹേളാ
കേളീഗൃഹംകണ്ടു, ശ്രീരാമരാമ.

൧൧. എന്നും തരുന്നീലനിൻധമ്മദാരാം,
ഇന്നേമരിക്കല്ലൊനല്ലൂ മഹാത്മൻ,
നിന്നുള്ളറിഞ്ഞേൻ തെളിഞ്ഞിങ്ങൊൻതാ
നെന്നിങ്ങനെചൊല്ലി, ശ്രീരാമരാമ.

* * *

൧൨. അമ്പങ്ങട്ടിണ്ണന്നു കൊണ്ടേറ്റുനേരം
വമ്പൻ ദശാസ്യൻ, മരിച്ചങ്ങുവീണാൻ,
കമ്പംധരിത്രിക്കനേകം വളൎത്താൻ,
ഇമ്പംസുരന്മാൎക്കും, ശ്രീരാമരാമ.

* * *

൧൩. അക്കാനനായത്തിന്നലങ്കാരമാകും
ചിൽകാതലേ, ലോകസന്താപനാശിൻ
നില്ക്കേണമെപ്പോഴുമുൾക്കാമ്പിലെന്റെ
ദുഷ്കൎമ്മനാശായ, ശ്രീരാമരാമ.

മേല്പത്തൂർഭട്ടതിരി] [ഇരുപത്തിനാലുവൃത്തം

———

# ൩൮. ദൈവാധീനം

—o—

തന്നുടെഗേഹത്തിൻ ചാരത്തുചെന്നപ്പോഠം
വന്നൊരുതെന്നലെ പാൎത്തുകണ്ടോൻ,
സൌരഭ്യമായൊരു തെന്നലെന്തിങ്ങനെ
ചാരത്തുവീയ്‌വാനിക്കാനനത്തിൽ.
എന്തിതിൻകാരണമെന്നങ്ങുതന്നിലെ
ചിന്തിച്ചു, പിന്നെയുംചെന്നനേരം,

*                *                *

പ്രാഭവംകോലുമ പ്രാകാരന്തന്നെയും,
പ്രാസാദജാലവും, കണ്ടായപ്പോഠം.

*                *                *

നീട്ടററുനിന്നുള്ള നാടകശാലയി
ലാടിനിന്നമ്പോടുപാടിപ്പാടി,
ഓലക്കമൊണ്ടു, വിളങ്ങിനിന്നീടുന്ന,
ബാലകന്മാരെയും ചാലെകണ്ടാൻ.
വാജികഠംമേവുന്ന ശാലകഠംകാണായി,
വാരണംചേരുന്ന ശാലകളും;
ഉത്തരമോരോരൊ രത്നങ്ങഠംകൊണ്ടുള്ള
വസ്തുക്കഠം പിന്നെയും കണ്ടാനപ്പോഠം.

*                *                *

സ്വൎഗ്ഗമായ്‌മേവിനലോകമിതിങ്ങിനെ
നിൎമ്മിച്ചിങ്ങിതിലായിതൊ, ഞാൻ!

*                *                *

വേദനമേവുന്നമാനസംവെന്തിട്ടു
രോദനംവേണന്നകാലത്തിപ്പോഠം,

അന്തമില്ലാതുള്ള സന്തോഷം പൊങ്ങുന്ന
തെന്തിതിൻകാരണമെന്നു ചൊൽവൂ.
ധന്യനായ് നിന്നുള്ളോരാരണനിങ്ങിനെ
തന്നിലെ ചിന്തിച്ചു, നിന്നന്നേരം.

ചെറുശ്ശേരി.] [കൃഷ്ണഗാഥ.

---

## ൧൭. കേരളം

---

(സാരി)

൧. ധർമ്മഭൂമിയെന്നിങ്ങനെ ധാത്രിയിലെങ്ങുമേ
നിർമ്മലമാം ചൊല്ലാർന്നിടും കേരളത്തെ,
കർമ്മസചിവസഹായമൊടുത്തമരാജ്യതന്ത്രത്തിൻെറ
മർമ്മമറിഞ്ഞ മഹീപതിമൌലികൾ പാലിക്കുന്നു

൨. വഞ്ചിഭൂമി മുതലായ വമ്പെഴും രാജ്യങ്ങൾ,
നെഞ്ചിലാക്കുമാനന്ദത്തെയുണ്ടാക്കീടും.
അഞ്ചിത സുഭഗത തടവിന, മന്ദിരസഞ്ചയങ്ങൾ [തോറും
സഞ്ചിത കൗതുകമസംഖ്യ, ജനങ്ങൾ വസിച്ചീടുന്നു.

൩. ശോക ലേശ മേശിടാതെ ശോഭനമായ്ത്തന്നേ,
ലോകരെല്ലാ മിദ്ദേശത്തിൽ വാണിടുമ്പോൾ,
നാകവു മിതിനൊടു സദൃശത നേടിന നാടാണെന്ന [ല്ലാതെ
സ്തോകവുമിതിനൊരു കുറവില്ലെന്നതുതോന്നീടുന്നു.

൪. നാരിമാരും വിദ്യാഭ്യാസം നന്മയോടേ നേടി
സൂരികളാം കാന്തന്മാരെ കൈക്കൊള്ളുന്നു.
പാരിടമിതിലിതുപോലെ പരിഷ്കൃതിപാലിച്ചീടും
[രാജ്യം
ദൂരിതദുരിതം, പൂരിതസുകൃതം, മറെറാന്നില്ല.

[കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

ST. MARY'S G. H. SCHOOL

# വ്യാഖ്യാനം.

---

## ൧. സ്തുതി

ഇന്ദിര=മഹാലക്ഷ്മി. ആഭ=ശോഭ. പുഞ്ചിരിയുടെ ധാവള്യത്തെ പാലാഴിജലത്തോടും, ദൈവതകളേബരത്തെ ഒരു നീല ശൈലത്തോടും ഉപമിച്ചിരിക്കുന്നു. പാദപം=വൃക്ഷം. അയിന=വിലസുന്ന. തോയജവല്ലഭൻ=സൂര്യൻ. കേവലൻ=ഈശ്വരൻ. ജാതങ്ങളായുള്ള=ഉണ്ടായിട്ടുള്ള. ഭൂതങ്ങൾ=ജീവികൾ. ആമ്നായവാക്യങ്ങൾ=വേദവാക്യങ്ങൾ. വേദ്യൻ=അറിയപ്പെടുന്നവൻ.

## ൨. ലക്ഷ്മണോപദേശം

മത്സരാദ്യംവെടിഞ്ഞു=മനസ്സിനെ ശുദ്ധമാക്കി. രോഷജം=കോപംനിമിത്തം. ഭ്രാതാവ്=സഹോദരൻ. മിത്രം=സ്നേഹിതൻ. വൈതരണി=ഒരു നരകം. തൃഷ്ണ=അത്യാഗ്രഹം. നന്ദനം=ദേവലോകത്തുള്ള ഉദ്യാനം. ശാന്തി=ക്ഷമ. കാമസുരഭി=കാമധേനു.

## ൩. കുചേലസല്ക്കാരം

ഭവാർത്തി=സംസാരദുഃഖം. പാരാവാരം=കടൽ. പരിഷത്=കൂട്ടം. പാരവശ്യം=ദീനന്മാരിൽ ദയ. അസ്മാകം=നമ്മുടെ. സഹജസൌഹൃദസംബന്ധം=ദൃഢമായ സ്നേഹബന്ധം. നവ്യം=പുത്തനായ, അരുണൻ=സൂര്യൻ. അംഘ്രി=പാദം.

## ൪. ശകുന്തളാവാക്യം

പിപീലിക=ഉറുമ്പ്. അണ്ഡങ്ങൾ=മുട്ടകൾ. വാസസ്സ്=വസ്ത്രം. മലയോത്ഭവം=മലയപർവ്വതത്തിൽ ഉണ്ടായത്. ഘ്രാണിച്ചു=മുകർന്നു. പ്രതിനന്ദിച്ചു=സന്തോഷിച്ചു. മന്ദാക്ഷം=ലജ്ജ. മത്തേഭൻ=മദയാന

പാംസു=പൊടി. സ്വച്ഛജലം=നല്ലവെള്ളം. ധർമ്മചാരി=കൃത്യം അനുഷ്ഠിക്കുന്നവൻ. അശ്വമേധം=കുതിരയെ ബലികഴിക്കുന്ന യാഗം.

## ൩. വിദുരവാക്യം

അത്യർത്ഥം=ഏറ്റവും. പ്രശസ്തങ്ങൾ=പ്രസിദ്ധിയുള്ളവ. സ്തംഭം=മൂഢത. സ്വല്പം=തുച്ഛം. അപ്രാപ്യം=അലഭ്യം. അന്യേഷാം=മററുള്ളവരുടെ. തരണി=വള്ളം. അബ്ധി=കടൽ. മതിമതാം=ബുദ്ധിമാന്മാരിൽവച്ച്. പ്രതിപത്തി=വാത്സല്യം. അപ്രതിപാദനം=കൊടുക്കാതിരിക്ക. പുംസാം=പുരുഷന്മാർക്ക്. അനാലസ്യം=മടിയില്ലായ്മ. തന്ദ്രി=മടി. പ്രത്യഹം=നിത്യം. വൃത്തിഹീനൻ=ദുർവൃത്തൻ. പുരസ്സരിച്ചു=പിൻതുടർന്ന്. അശനം=ഭക്ഷണം. മാംസോത്തരം = മാംസം പ്രധാനമായിട്ടുള്ളത്. പേയങ്ങൾ=പാനീയങ്ങൾ. വിരയ=വേഗം. ഗോമതാ=പശുവുള്ളവനാൽ. അടവി=കാട്. അകച്ചിട്ടും=കിളുത്തിട്ടും.

## ൪. രാവണമദം

വിബുധത=വിശേഷമായ അറിവ്. നാണയം=കീർത്തി; വില. ദിശിദിശി=ദിക്കുതോറും. ജംഭാന്തകൻ=ഇന്ദ്രൻ. കുംഭി=ആന. ജൃംഭിച്ച്=മദിച്ച്. ശർമ്മം=സുഖം. ഉമ്പർ=ദേവന്മാർ. നിലിമ്പപുരം=ദേവലോകം.

## ൫. മദമർദ്ദനം

കരചരണം=കൈകാൽ. ചലനരഹിതം=അനങ്ങാതെ. കാരാഗൃഹം=തടവ്. കൃതവീര്യജൻ=കാർത്തവീര്യാർജ്ജുനൻ.

## ൬. സാമവാക്യം

കൌരവ്യതാതൻ=കൗരവരുടെ അച്ഛൻ. നരാണാം=മനുഷ്യർക്ക്. വിരഞ്ഞും=അന്വേഷിച്ചും. പുളച്ചും=മദിച്ചും.

## ൭. ബാലിവാക്യം

വിബുധത=നല്ല അറിവ്. വല്ലാതുള്ളത്=വല്ലായ്മ.

## ൧൧. വൃദ്ധലീല

വേപിച്ചു=പരിഭ്രമിച്ചു. പൂണ്ടു=ആലിംഗനംചെയ്തു. മുകർന്നു=ചുംബിച്ചു. തിങ്കൾ=ചന്ദ്രൻ. നൽചൊല്ല്=സുഖകരമായവാക്ക്.

## ൧൨. താരാട്ട്

തിങ്കൾക്കിടാവ്=ബാലചന്ദ്രൻ. മധു=തേൻ ഇന്ദു=ചന്ദ്രൻ. ദ്രുമം=മരം. മാർത്താണ്ഡൻ=സൂര്യൻ. സുകൃതി=[illegible]. പൊരുൾ=അർത്ഥം. സൂക്ഷ്മം=ചെറിയ. രവം=ശബ്ദം. വല്ലി=തല. പൂവല്ലി=പൂവല്ലിയേ. മലർ=പൂവ്.

## ൧൩. സാരോപദേശം

ഉക്തം=പറയപ്പെട്ടത്. അംഗേഷു=അംഗങ്ങളിൽ. താരുണ്യം=യൌവനം. കൃശാംഗി=സുന്ദരി.

## ൧൪. ധർമ്മോപദേശം

ചരണം=പാദം. പത്മം=താമരപ്പൂവ്. അനിശം=എല്ലായ്പോഴും പ്രണമത=നമിക്കുവിൻ. ഉദരം=വയറ് അജം=ആട്. സുജനം=സജ്ജനം. വഹനീയം=ഓർത്തിരിക്കേണ്ടത്.

## ൧൫. വിജയരഹസ്യം

സമീഹിതം=ആഗ്രഹം. സമ്പ്രഹർഷം=സന്തോഷം. ലോഭം=അത്യാഗ്രഹം. ദുർബോധം=തെറ്റിദ്ധാരണ. പ്രാജ്ഞപുരുഷൻ=മഹാപുരുഷൻ. വിഭ്രംശേ=ഇല്ലാതായപ്പോൾ. അനാദൃതവാൻ=അനാദരിച്ചവൻ.

## ൧൬. സമഭാവം

നാലുവക്ത്രൻ=ബ്രഹ്മാവ്. ഗളം=കഴുത്ത്. താമരസം=താമരപ്പൂവ്.

## ൰൩. കോമളകുമാരൻ

അപാംഗം=കടക്കണ്ണ്. വർണ്ണം=അക്ഷരം. ആലാപം=വാക്ക്. അങ്കുരം=മുള. ഹാസം=ചിരി. ഫാലം=നെററി. അശ്വത്ഥപർണ്ണം=അരയാലില. ആകാരം=ആകൃതി. മാലേയം=ചന്ദനം. കാളം=കറുനിറ. കണ്ഠം=കഴുത്ത. അവലോകനം=നോട്ടം. ദർപ്പണം=കണ്ണാടി. ഗണ്ഡം=കവിൾത്തടം. ശാർദ്ദൂലം=പുലി. വിദ്രുമം=പവിഴം. കാർത്തസ്വരം=സ്വർണ്ണം. അംഗദം=കൈക്കെട്ട്. വലയം=വള. അംഗുലീയം=മോതിരം. പൊൽത്താർമാനിനി=മഹാലക്ഷ്മി.

## ൰൪. ശിവയോഗിഗീത

മറിവ്=കളവ്. മാധുര്യമില്ലാത്ത=സന്തോഷകരമല്ലാത്ത. കർണ്ണേജപന്മാർ=ഏഷണിക്കാർ. പരുഷം=കടുപ്പം. അനുചിതം=ഉചിതമല്ലാത്തത്. ലോഭവാൻ=അത്യാഗ്രഹി. ദ്രവിണം=ധനം. ചതുരഗുണം=വിക്രമം. ഹിതവചനം=ഗുണകരമായവാക്ക്. അനവരതം=സദാ. ഭേദം=ശാസന. വാമദേവാർച്ചനം=ശിവപൂജ.

## ൰൫. പുണ്യം

സംവദിക്കുക=സംഭാഷണംചെയ്യുക. ഭാവബന്ധാർത്ഥങ്ങൾ=ബാഹ്യാർത്ഥവും ആന്തരാർത്ഥവും. ബന്ധം=സംസാരത്തോടുള്ള ചേർച്ച.

## ൨൦. ധർമ്മപുത്രരുടെ രാജ്യഭരണം

നഹുഷൻ=യയാതിയുടെ അച്ഛൻ. മിഹിരാത്മജൻ=സൂര്യപുത്രൻ (യമധർമ്മരാജാവ്) യമസുതൻ=ധർമ്മപുത്രർ. ഭൂതി=ഐശ്വര്യം (ഭസ്മം) ഫാലദേശം=നെററിത്തടം. ഛത്രം=കുട. ദാനവാരി=രാക്ഷസശത്രു (ദാനജലം) ചൗര്യം=മോഷണം. കൃപണന്മാർ=നിർദ്ദയന്മാർ.

## ൨൧. ഭൂതദയ

വീക്ഷിച്ച്=ശ്രദ്ധിച്ച്. ദുർവ്വഹങ്ങൾ=പ്രയാസപ്പെട്ടുവഹിക്കേണ്ടവ. ദീനമാനസന്മാർ=കഷ്ടപ്പെടുന്നവർ. അകോവിദൻ=അസമർത്ഥൻ.

നിരഞ്ജനൻ = ചേർച്ചയില്ലാത്തവൻ. ശരീരിണാം=മനുഷ്യർക്ക്.

## ൨൨. ശല്യവാക്യം

പുളച്ചു=മദിച്ചു. ഉദധി=കടൽ. വിധിവിഹിതം=ബ്രഹ്മകല്പിതം.

## ൨൩. ജീവകാരുണ്യം

ശ്രീ=ഐശ്വര്യം (താപസന്മാർ) സൽപ്രാണികൾ=നല്ലവംശക്കാർ. തഥൈവ=അപ്രകാരംതന്നെ.

## ൨൪. കൃഷ്ണലീല

അളി=വണ്ട്. ശൃംഗം=കൊമ്പ്. കാഹളം=ഊതുന്നകുഴൽ. ഉൽഗമിച്ചു=പൊങ്ങിക്കയറി. സൂര്യപുത്രി=കാളിന്ദി. ശുഭ്രം=പരിശുദ്ധം.

## ൨൫. ഭക്തവാത്സല്യം

കിഴിഞ്ഞ=അഴിഞ്ഞ. കണം=തുള്ളി. ഹർഷം=സന്തോഷം. അശ്രു=കണ്ണുനീർ. വിലോചനം=നോട്ടം. ദ്യുതി=ശോഭ. ഉഴററ്=വേഗം.

## ൨൬. സൈരന്ധ്രീഭാഗ്യവിലക്ഷണം

ദ്രുപദനന്ദിനി=പാഞ്ചാലി. നലമൊട്=നല്ലപോലെ. നിലയനം=താമസസ്ഥലം. സഹവാസാൽ=ഒരുമിച്ചുപാർത്തു. സപതിപഞ്ചകം=തന്റെ അഞ്ചുഭർത്താക്കന്മാർ. നിയതി=വിധി. ഹതവിധി=ദുർഭാഗ്യം ദുഃഖൈവ=വ്യസനത്തോടെ. സാ=അവൾ. വെണ്മ=വെള്ളനിറം. ശനികൾ=ചീത്തകൾ. ഉക്തി=വാക്ക്. വദിക്കുക=വായിക്കുക. മുഗ്ദ്ധഗാത്രി=മനോഹരമായ ദേഹത്തോടുകൂടിയവൾ. കല്പ്യധാനത്=ചിത്തയായി ഉപയോഗിക്കുന്ന അധികാരം. നിശാകരാനന=ചന്ദ്രമുഖി. ഭാഗ്യവിലക്ഷണം=ഭാഗ്യദോഷം.

## ൨൭. പാർവ്വതീപരീക്ഷ

ദേവേശ്വരൻ=ശിവൻ. വർണ്ണി=ബ്രഹ്മചാരി. ഭാവം=മനസ്ഥിതി. തണ്ഡാർശരാരി=ശിവൻ. ദാമം=കൂട്ടം. ശർവ്വൻ=ശിവൻ. ദക്ഷ

വൈരി=ശിവൻ. ആവാസം=ഇരിപ്പിടം. ശാപങ്ങൾകൂട്ടുക=ശപിക്കുക. രക്താന്തമാംനേത്രം=ചുവന്നകടക്കണ്ണ്. അന്തരേ=ഉള്ളിൽ.

## ൨൮. രുഗ്മിണീമാധവം

വല്ലവീജനങ്ങൾ=ഗോപസ്ത്രീകൾ. അംബുജാക്ഷൻ=കൃഷ്ണൻ ആദിപൂരുഷൻ=വിഷ്ണു. രാഗം=ചേർച്ച. ഭാവം=അഭിപ്രായം. പങ്കജം=താമര.

## ൨൯. കേശാദിപാദം

കരിമുകിൽ=കാർമേഘം. ചികുരം=മുടി. ചില്ലി=പുരികം. യുഗളം=രണ്ട്. അടിയാർ=ആശ്രിതർ. നവം=പുത്തൻ. നവരസം=ഒൻപതുരസം തിരുമറുമാറു=ശ്രീവത്സത്തോടുകൂടിയ. കാഞ്ചി=അരഞ്ഞാൺ.

## ൩൦. പിതൃഭക്തി

നൃണാം=നരന്മാക്ക്. ശതപത്രസംഭവൻ=ബ്രഹ്മാവ്. നിശമ്യ=കേട്ടിട്ട്. ത്യാജ്യം=ഉപേക്ഷിക്കപ്പെടേണ്ടത്. അനാജ്ഞാപ്യം=നിയോഗിക്കപ്പെടാത്തത്. പിത്രാ=പിതാവിനാൽ. ഉക്തം = പറയപ്പെട്ടത്. കർത്തവ്യം= ചെയ്യപ്പെടാവുന്നത്. പിത്രോ=പിതാവിന്റെ.

## ൩൧. ഭീമഭത്സനം

വര=ശ്രേഷ്ഠ. ഹരേ=ഹേ വിഷ്ണോ. ശൌരേ=ഹേ കൃഷ്ണ. വൃകോദരൻ=ഭീമസേനൻ. വൃകം=ചെന്നായ്. നിശമ്യ=കേട്ടിട്ട്. ജയ=ജയിച്ചാലും. തേ=നിന്റെ. രണം=യുദ്ധം. ഭത്സനം=ആക്ഷേപവാക്ക്. അഭവൽ--ഉണ്ടായി. തത്സമക്ഷം=അദ്ദേഹത്തിന്റെ മുമ്പിൽ.

## ൩൨. ദമയന്തീപരിത്യാഗം

അസ്തഗിരി=അസ്തമനപർവ്വതം. മസ്തകസീമനി=മുകൾഭാഗത്ത് ഗതിവതി=മറയുമ്പോൾ. സവിതാവ്=സൂര്യൻ. തിമിരം=ഇരുട്ട്. കരി-ആന. ദിക്കുവിദിക്കു=ദിക്കുകൾതോറും. ദുഷ്കരം=പ്രയാസസാദ്ധ്യം തരക്ഷു=ഒരു കാട്ടുമൃഗം. ആവലി=കൂട്ടം. ഫുല്ലാവലി=വിരിഞ്ഞകുസു

മണ്ഡൂകളുടെ കൂട്ടം. ക്രോഷ്ടൂനാം=കുറുക്കന്മാരുടെ. തതി=കൂട്ടം. അടവി=കാട്. പടലി=കൂട്ടം. നിനാദം=ശബ്ദം. ദാത്യൂഹം=നത്ത്. നികരം=കൂട്ടം. അഥ=പിന്നീട്.

## ൧൩. രാവണസൽഗതി

മുനിപ്രൌഢർ=പരശുരാമൻ. പൊന്മാൻ=മാരീചൻ എടുത്ത വേഷം. കപിപ്രൌഢർ=ബാലി. ത്വം=നീ. മാം=എന്നെ. നജാനാസി=അറിയുന്നില്ല. ദിക്കരി=ദിഗ്ഗജം. സന്താപനൻ=ദുഃഖിപ്പിക്കുന്നവൻ. ശങ്കേതരം=സംശയംകൂടാതെ. മദീയം=എന്റെ. ധർമ്മദാരൻ=ധർമ്മപത്നിയെ. കാനനിവാസേ=കാട്ടിൽ. ദർപ്പം=അഹമ്മതി. പാണി=കൈ. ദശാസ്യം=രാവണനെ. വിശ്വപ്രതാപി=ലോകവീരൻ. പൂമാന്ത്=മഹാലക്ഷ്മി. പൂമേനി=കോമളശരീരം. ആമോദം=സൌരഭ്യം. കൌമോദകം=കൌസ്തുഭം. നാളീകനേത്രൻ=കൃഷ്ണൻ. സരോജം=താമരപ്പൂവ്. നാളീകജന്മാ=ബ്രഹ്മാവ്. വ്രീള=ലജ്ജ. ഇമ്പം=സുഖം. അക്ഷീണപ്രായം=സൌഖ്യകരം. സന്താപനാശിൻ=സന്താപത്തെ തീർക്കുന്നവനെ. നാശായ=നാശത്തിനായിക്കൊണ്ട്.

## ൧൪. ദൈവാധീനം

ഗേഹം=വീട്. തെന്നൽ=കാറ്റ്. ഓലക്കമാണ്ട=ശോഭയോടു കൂടി. വാജി=കുതിര. വാരണം=ആന. രോദനം=കരച്ചിൽ. ആരണൻ=ബ്രാഹ്മണൻ. ധന്യൻ=ഭാഗ്യവാൻ.

## ൧൫. കേരളം

മഹീപതിമൌലികൾ=രാജശ്രേഷ്ഠന്മാർ. കർമ്മസചിവൻ=രാജ്യഭരണവൈദഗ്ദ്ധ്യം തികഞ്ഞ മന്ത്രി. മർമ്മം=പ്രധാനതത്വം; രഹസ്യം. സുഭഗത=കോമളരൂപം. മന്ദിരം=വീട്. സഞ്ചയം=കൂട്ടം. ഏശാതെ=തട്ടാതെ. നാകം=സ്വർഗ്ഗം. സദൃശത=തുല്യത. നേടി=സമ്പാദിച്ചു. സ്തോമം-കൂട്ടം. സൂരി-വിദ്വാൻ. ദുരിതദൂരിതം=പാപം തീർന്നിട്ടുള്ളത്. പൂരിതസുകൃതം=പുണ്യസമ്പൂർണ്ണമായിട്ടുള്ളത്.

1294